# വ്യാപാരകേരളം

സമ്പൂർണ മാസിക

പുസ്തകം 1 ലക്കം 8 പേജുകൾ 39 ഡിസംബർ 2020



**വിധിയെഴുത്തിൽ വിശകലനം**

**സ്റ്റെല്ല മാത്യുവിന്റെ കവിത**

**'പള്ളിക്കെട്ട് ശബരിമലക്ക്' ആരുടെ സൃഷ്ടി**

മുഖച്ചിത്രം: രേഖ തോപ്പിൽ

# എഡിറ്റേഴ്സ് പേജ്



**മുഖചിത്രം:**
**രേഖ തോപ്പിൽ**

തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ താമസിക്കുന്ന രേഖ തോപ്പിൽ കവിയും കഥാകൃത്തുമാണ്. ടെലിഫിലിം രംഗത്തും സാന്നിധ്യമറിയിച്ചിട്ടുണ്ട്. ആദ്യകഥാസമാഹാരം, 'കൈക്കുടന്നയിലെ മഞ്ഞ്' അച്ചടിയിലാണ്. 'ബി.ആർ. അംബേദ്കർ സാഹിത്യശ്രീ' പുരസ്കാരവും എഴുത്തച്ഛൻ സമുദായത്തിന്റെ മികച്ച കഥാകാരിക്കുള്ള പുരസ്കാരവും നേടിയിട്ടുണ്ട്. തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിൽ ജോലിചെയ്യുന്ന കെ.മുരളീധരനാണ് ഭർത്താവ്. ഏകമകൾ: ഗായത്രി.

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**



തെരഞ്ഞെടുപ്പ് ചൂടിലാണ് കേരളം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പാണ് ഡിസംബർ ആദ്യപകുതിയിൽ അരങ്ങേറുന്നത്. ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിന്റെ 'ടെസ്റ്റ് ഡോസ്' എന്നാണ് ഈ വിധി നിർണയം കണക്കാക്കപ്പെടുന്നത്. 'ദേശപ്പോര്' എന്ന അവലോകന റിപ്പോർട്ടിൽ പ്രശസ്ത പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസ് സമകാലികമായ ഈ വിഷയം വിശകലനം ചെയ്യുന്നു. ഭരണം കൈയാളാൻ സാധ്യതയുള്ള ഇരുമുന്നണികളിൽ, പ്രാദേശിക നേതൃത്വം നൽകുന്ന രണ്ടുപേരുടെ വിലയിരുത്തൽ, 'മധ്യകേരളം ആർക്കൊപ്പം' എന്ന സംഭാഷണത്തിൽ ചേർത്തിട്ടുണ്ട്.

'റിഥം ഓഫ് ലൈഫ്' എന്ന പംക്തിയിൽ തേജശ്രീ, സുപരിചിതമായ ഒരു ഭക്തിഗാനത്തിന്റെ സ്രഷ്ടാക്കളെ പരിചയപ്പെടുത്തുന്നു. ഏറെ ഖ്യാതിനേടിയ, ലക്ഷങ്ങൾ ഏറ്റുപാടിയ ഒരു ഭക്തിഗാനത്തിന്റെ പിറവിയെ സംബന്ധിച്ച വിവരണം വായനക്കാർക്ക് പുതുമ പകരുന്നതാണ്.

സ്റ്റെല്ല മാത്യു, ശ്രീജ വിജയൻ തുടങ്ങി 12 കവികളുടെ രചനകൾ ഈ ലക്കത്തിലുണ്ട്. അഞ്ച് ചെറുകഥകളും ഈ ലക്കത്തിൽ വായിക്കാം. 'വിശിഷ്ട ഗ്രന്ഥപരിചയ'ത്തിൽ, 'യുലിസിസ്' എന്ന വിഖ്യാതകൃതിയുടെ മലയാള പരിഭാഷയാണ് ചർച്ച ചെയ്യുന്നത്. വിവർത്തന സാഹിത്യശാഖയിൽ ചിരപ്രതിഷ്ഠ നേടിയ എൻ.മൂസക്കുട്ടിയാണ് കൃതി വിവർത്തനം ചെയ്തിരിക്കുന്നത്.

എഴുത്തിന്റെ ലോകത്ത് അറിയപ്പെടുന്നവർക്കൊപ്പം, തുടക്കക്കാരുടെ രചനകളും ഉൾപ്പെടുത്തുന്ന രീതി തന്നെയാണ് മാസിക പിൻചെല്ലുന്നത്. ഇതിനകം പ്രസിദ്ധീകൃതമായ 20 ലക്കങ്ങളിലായി, നൂറിലേറെ പുതിയ എഴുത്തുകാരെ കൈരളിക്ക് സമർപ്പിക്കാൻ മാസികക്കായിട്ടുണ്ട്. പ്രഥമ കവിതാപുരസ്കാരം ഏഴ് യുവകവികൾക്ക് സമ്മാനിക്കുക വഴി, മറ്റൊരു സുവർണ പ്രതീക്ഷയുടെ വിത്തുപാകാനും മാസികയ്ക്ക് പോയ നാളുകളിൽ കഴിഞ്ഞു എന്നതും സ്മരിക്കട്ടെ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# വിശിഷ്ട ഗ്രന്ഥപരിചയം

# യുലീസസ്




ഐറിഷുകാരനായ ജെയിംസ് ജോയ്സിന്റെ അതിപ്രശസ്ത ഇംഗ്ലീഷ് നോവലാണ് യുലീസസ്. അശ്ളീല പുസ്തകമെന്ന പേരിൽ വിവാദം സൃഷ്ടിച്ച് കോടതി കയറിയ ഈ മാസ്റ്റർപീസ് നോവൽ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ ഇംഗ്ലീഷ് നോവലായി പരിഗണിക്കപ്പെടുന്നുവെന്ന് ബ്രിട്ടാണിക്ക എൻസൈക്ലോപീഡിയ വിലയിരുത്തുന്നു. ഭാഷ പരീക്ഷണാത്മകമായി ഉപയോഗിക്കുകയും പുതിയ സാഹിത്യ രീതികളായ ആത്മഗതവും ബോധധാരാ രചനയും ഇതിൽ പരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. 1922-ലാണ് ജോയ്സ് ഈ നോവൽ പ്രസിദ്ധീകരിച്ചത്.

ഹോമറുടെ ഒഡീസി എന്ന ഇതിഹാസത്തെ ഇരുപതാം നൂറ്റാണ്ടിലെ ഐറിഷ് ജീവിതത്തിലേക്ക് പറിച്ചു നട്ടിരിക്കുകയാണിവിടെ. 1904 ജൂൺ 16 എന്ന ഒറ്റ ദിവസം ഐർലണ്ടിലെ ഡബ്ളിൻ നഗരത്തിൽ നടക്കുന്ന സംഭവങ്ങളുടെ ആഖ്യാനമാണ് വൈവിധ്യമാർന്ന കഥാപാത്രങ്ങളിലൂടെ എണ്ണൂറോളം പേജുകളിലായി ഈ നോവലിൽ ജോയ്സ് നിർവഹിച്ചിരിക്കുന്നത്.

അവസാനത്തേതായ 18ാം അദ്ധ്യായത്തിൽ മോളി ബ്ളൂം എന്ന സ്ത്രീ കഥാപാത്രത്തിന്റെ ദൈർഘ്യമേറിയ ആത്മഗതം വളരെ പ്രശസ്തമാണ്. രണ്ടു പൂർണ്ണ വിരാമങ്ങൾ ഒഴികെ മറ്റൊരു ചിഹ്നവുമില്ലാത്ത ഈ ആത്മഗതം 65-ൽപരം പേജുകളിലായി ഇരുപതിനായിരത്തിൽ പരം വാക്കുകളിൽ കൂലംകുത്തി പ്രവഹിക്കുന്നു. ബോധധാരാ രീതിയുടെ ഏറ്റവും ഉദാത്തമായ മാതൃകയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ആദ്യം ബ്രിട്ടനിലും അമേരിക്കയിലും നിരോധിച്ചുവെങ്കിലും ഇപ്പോഴിത് ആ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ നിർബന്ധ പാഠ്യ വിഷയമാണ്.



എൻ. മൂസക്കുട്ടി

യുലീസസിനെപ്പറ്റി ആധുനികനിരൂപകൻ എഡ്വേർഡ് ആഷ് ക്രോഫ്റ്റ് നടത്തിയ വിലയിരുത്തൽ ശ്രദ്ധേയമാണ്,‘ ഉദ്വേഗജനകവും രസകരവുമായ എല്ലാ ഗുണങ്ങളുമുണ്ടായിട്ടും യുലീസസ് വായിക്കാൻ അങ്ങേയറ്റം പ്രയാസകരമായ ഒരു നോവലാണ് - ഒരു പക്ഷേ ലോകത്തിലെ മഹത്തായ നോവലുകളിൽവെച്ച് ഏററവും പ്രയാസമേറിയത്. എങ്കിലും പലർക്കും ഇത് ഏറ്റവുമധികം ആഹ്ളാദമരുളുന്ന ഒന്നാണ്.‘ നോവലിന്റെ ദുർഗ്രഹതകണക്കിലെടുത്ത് നാലായിരത്തിൽ പരം അടിക്കുറിപ്പുകൾ മലയാള വിവർത്തനത്തിൽ ചേർത്തിട്ടുണ്ട്. ഈ ക്ലാസ്സിക് കൃതി ഇതാദ്യമായാണ് സമ്പൂർണ്ണമായി പ്രസിദ്ധീകൃതമാകുന്നത്. കേരള സാഹിത്യ അക്കാദമിയാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. മൊത്തം 1244 പേജ് വരും. വില₹1000. മാധ്യമ പ്രവർത്തകനായിരുന്ന പി.മോഹനന്റെ അവതാരികയും അദ്ദേഹത്തിന്റെ തന്നെ ജോയ്സിന്റെ കാരിക്കേച്ചറും പ്രത്യേകം പ്രസ്താവ്യമാണ്. 100-ൽ പരം കൃതികൾ വിവർത്തനം ചെയ്ത, സാഹിത്യ അക്കാദമിയുടേതടക്കം ആറ് അവാർഡുകൾ നേടിയ പത്രപ്രവർത്തകൻ കൂടിയായിരുന്ന എൻ. മൂസക്കുട്ടിയാണ് യുലീസസിന്റെ പരിഭാഷകൻ.

## അകത്താളുകളിൽ

### ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ് : പേജ് 6
തേജശ്രീ : പേജ് 10
സി.ആർ.രാജൻ : പേജ് 13
നിത്യലക്ഷ്മി : പേജ് 32

### കഥ

എ.കെ.അനിൽകുമാർ: പേജ് 12
വിനോദ് ആനന്ദ് : പേജ് 18
രമ്യ രതീഷ് : പേജ് 21
സിബിൻ ഹരിദാസ് : പേജ് 30
റസിയ പയ്യോളി : പേജ് 34

### കവിത:

സ്റ്റെല്ല മാത്യു : പേജ് 4
ശ്രീജ വിജയൻ : പേജ് 9
ഡോ. അജയ് നാരായണൻ : പേജ് 16
കയ്യുമ്മു കോട്ടപ്പടി : പേജ് 17
ഹാജറ കെ.എം. : പേജ് 19
കല്യാണി : പേജ് 20
ജസ്ന ഖാനൂൻ : പേജ് 25
നളിനി ഹരിദാസ് : പേജ് 26
ഗീത വിജയൻ : പേജ് 27
സെയ്തലവി വിളയൂർ : പേജ് 28
രാജു കാഞ്ഞിരങ്ങാട് : പേജ് 29
രേഖ തോപ്പിൽ : പേജ് 39

കവിത

# തീവണ്ടിയിലെ ഇതര ഭാഷാസഞ്ചാരികൾ



കണ്ണാടി സീറ്റിന്റെ ഓരത്തിരിക്കുന്ന
അന്യഭാഷാക്കാരിയെ
നോക്കിയിരിക്കുകയായിരുന്നു.

അവൾ  അസ്വസ്ഥപ്പെടുന്നതും
പുറംകാഴ്ചകളിൽ
ഉൽസാഹിക്കുന്നതും
മടിയിൽ പെൺകുഞ്ഞ്
ഒരു ചെറിയ ടവ്വലിൽ
ചുരുണ്ടു കൂടുന്നതും
എന്റെ ഭാഷയിൽ തന്നെ.

മെഹന്തിയുടെ സൗന്ദര്യത്തിൽ
പുറത്തെ പൂക്കൾ അതേപടി
കവിൾച്ചുവപ്പിൽ
ഒട്ടിച്ചുവെയ്ക്കുന്നത് പോലും അതേപോലെ.
ടി.ടി.ആർ വന്നപ്പോൾ
കള്ളസീറ്റിലിരിക്കുന്ന അവളുടെ ചമ്മിയ
മുഖം മറയ്ക്കലിന്
എന്റെ ഭാഷയുടെ അതേ കുസൃതിക്കുറുമ്പ്.



സ്റ്റെല്ല മാത്യു

പാട്ട്, മരം ,തണുപ്പ്
ജീവനിൽ കൊതിയുണ്ടാക്കുന്നതെന്തും
ഭാഷയുടെ അവസാനത്തെ ഇതളുകളിലെവിടെയോ
എത്രയോ സൂക്ഷ്മമായാണ് ഇപ്പോഴും
വെളിച്ചപ്പെടുന്നത്.

ഒരു കൊച്ചു പെൺതുമ്പി
നനുനനുത്ത മീശയുള്ള ഒരുവളുടെ കലപില ഒഴുക്കിനെ മുറിച്ച്
നെഞ്ചിൽ  വന്നിരിക്കുന്നു.
തുമ്പിച്ചിറകിന്റെ കുഞ്ഞനക്കത്തിൽ അവൾ പൊടുന്നനെ
അമ്മയാവുന്നു.
പ്രേമലോലം
ആ വർണ്ണപ്പൊടിയെ
തൊടുന്നു
അവളുടെ മുടിപിന്നലിലേക്ക് പിരിഞ്ഞുപോവുന്ന തുമ്പിയുടെ അമ്മക്കാട്.
കുഞ്ഞോല മുഖത്തെ
നെഞ്ചിലേക്ക്
പതിയെ മുട്ടിച്ച്,
ആ നുള്ളുനോവ്
നെറ്റിപ്പൊട്ടിന്റെ വലുപ്പത്തിൽ
ഹൃദയത്തിലൊട്ടിയ്ക്കുന്നു.

ഉൾക്കുടുക്ക് പൊട്ടിച്ച്
ഇടയ്ക്കിടെ തുമ്പി അവളിലേക്ക് പാറിവരുന്നു.
പൊള്ളിയൂറുന്ന
അഗ്നിശൈലങ്ങളിൽ

ഒരു തുമ്പിയെ അതിസാഹസികമായി
അവൾ വളർത്തുന്ന കാര്യമെന്തായിരിക്കും?
എന്താണവൾ ഇതൊന്നും
ചുറ്റുമുള്ള കാഴ്ചശാലക്കാരോട് പറയാത്തത്.
ശലഭവേട്ടക്കാർ
പുറങ്കാടുകൾ തോറും പുതുനിറശലഭങ്ങളെ
കണ്ടെത്തി നിറച്ചേക്കാമെന്നും ഭയമോ ?

മുന്നോട്ടുള്ള സൂചികയിൽ നിന്ന്
ചിതറിപ്പോവുന്ന
ഒരുൾക്കാടിന്റെ നിശ്ശബ്ദഭാഷ എല്ലായിടവും ഒരുപോലെ.

വിഴുപ്പുവസ്ത്രത്തിൽ
മൂക്കൊലിപ്പ് തുടച്ച്
കൈ നീട്ടിവന്ന പെൺകുട്ടിയുടെ
കൊട്ടുപ്പാട്ടിന്
ഒറ്റനാണയത്തിളക്കം നഷ്ടപ്പെട്ടവളുടെ സങ്കടഭാഷ
പിന്നെയും എങ്ങനെയാണ്
ഇവൾ നമുക്കിത്ര
അന്യയായത്?
നമ്മളറിയാതെ പോയ ഭാഷയായത്?



പെൺകുട്ടിയുടെ മാന്ത്രികക്കുട്ടയിൽ നിന്നെടുത്ത
പട്ടുത്തൂവാലയിൽനിന്ന്
വിശപ്പിന്റെ പക്ഷികൾ
പറന്നുപോവുന്നു.

തീവണ്ടിക്കണ്ണാടിയിൽ
നിലവിളിച്ചോടുന്ന
ഏതോ പെൺകുട്ടിയുടെ പ്രതിഛായ
തെന്നിവീഴുന്നു.
കല്ലും വടിയുമായി അവൾക്ക് പിന്നിലെ
തെരുവുപ്രവാഹത്തിലൊരാൾ ഞാനല്ലേ?

അവളുടെ നിലവിളിയെ വിഴുങ്ങി
മുനനഖമാഴ്ത്തി
ശിരസ്സ് ഛേദിച്ചിട്ട ചോര നുണഞ്ഞിറക്കി,
കുലുക്കങ്ങൾ യാത്രികരിലുപേക്ഷിച്ച്
ഭാഷയുടെ അതിരുകൾ
കീറിമുറിച്ചുകൊണ്ട്
അതിദ്രുതം എടുത്തണിഞ്ഞ
തീവണ്ടി പേ പിടിച്ചോടുന്നു

ചിന്നം വിളിച്ച്
സിഗ്നലുകൾ തെറ്റിച്ചു അന്തമില്ലാ
പാളത്തിലൂടെ പാഞ്ഞുവരുന്ന
ഒറ്റത്തുറുകണ്ണൻ തീവണ്ടി
ഭാഷയുടെ എല്ലാ അതിരുകളെയും
ചവിട്ടിത്തെറിപ്പിക്കുന്നു.



# തദ്ദേശപ്പോര്

## ആ 22,000 പേരെ 16 ന് അറിയാം



ഫ്രാങ്കോ ലൂയിസ്




തെരഞ്ഞെടുപ്പു പൂരത്തിന് ഇനി ഒരാഴ്ച മാത്രം. തദ്ദേശ സ്ഥാപനങ്ങളുടെ സാരഥികളെയും ഭരണസമിതികളേയും തെരഞ്ഞെടുക്കുന്ന വോട്ടെടുപ്പു മാമാങ്കം. കോവിഡ് കെടുതികൾമൂലം പ്രചാരണത്തിന്റെ ആവേശങ്ങൾക്കു കടിഞ്ഞാണിട്ടിരിക്കുകയാണ്. എങ്കിലും ഈ ജനവിധി സുപ്രധാനമാണ്. നാടിന്റെ ഭാഗധേയം നിർണയിക്കുന്ന വിധി.

ഇതൊരു സാമ്പിൾ വെടിക്കെട്ടുകൂടിയാണ്. അഞ്ചു മാസം കഴിഞ്ഞ് നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ സാമ്പിൾ വെടിക്കെട്ട്. നിയമസഭ എങ്ങോട്ടു ചായും? ഈ പരീക്ഷണ ജനവിധിയിൽ അതും കാണാം. ജനവിധി അൽപം വലത്തോട്ടോ ഇടത്തോട്ടോ ചായ്ച്ചു വയ്ക്കാവുന്ന പൊടിക്കൈകൾ പ്രയോഗിക്കാനുള്ള സാവകാശം ഇടതുപക്ഷത്തിനും വലതുപക്ഷത്തിനും കിട്ടും. പഞ്ചായത്ത്, നഗരസഭാ തെരഞ്ഞെടുപ്പ് നിയമസഭാ തെരഞ്ഞെടുപ്പിന്റെ പനിമാപിനിയാകും, സംശയമില്ല.

### മുന്നണി മാറ്റം

മാറി മറിഞ്ഞ സമവാക്യങ്ങളുമായാണ് ഇത്തവണ മുന്നണികൾ മൽസരിക്കുന്നത്. കഴിഞ്ഞ തവണ യുഡിഎഫിനൊപ്പം ഉണ്ടായിരുന്ന രണ്ടു പാർട്ടികൾ ഇത്തവണ എൽഡിഎഫിലാണ്.

കേരള കോൺഗ്രസ് മാണി ഗ്രൂപ്പ് പിളർന്ന് ജോസ് കെ. മാണി വിഭാഗം എൽഡിഎഫിലെത്തി. കുറച്ചുകാലത്തേക്കെങ്കിലും മുഖ്യമന്ത്രിക്കസേര സ്വപ്നം കണ്ട കെ.എം. മാണിയെ ബാർകോഴക്കേസിൽ കുടുക്കി നാറ്റിച്ച കോൺഗ്രസ് നേതാക്കളോടു കണക്കു തീർക്കാൻ കാത്തിരുന്ന ജോസ്മോൻ കളം മാറ്റി ചവിട്ടി. ജോസഫ് പക്ഷം യുഡിഎഫിൽതന്നെ ഉറച്ചുനിന്നു.

**ഇതൊരു സാമ്പിള്‍ വെടിക്കെട്ടുകൂടിയാണ്. അഞ്ചു മാസം കഴിഞ്ഞ് നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ സാമ്പിള്‍ വെടിക്കെട്ട്. നിയമസഭ എങ്ങോട്ടു ചായും? ഈ പരീക്ഷണ ജനവിധിയില്‍ അതും കാണാം. ജനവിധി അല്‍പം വലത്തോട്ടോ ഇടത്തോട്ടോ ചായ്ച്ചു വയ്ക്കാവുന്ന പൊടിക്കൈകള്‍ പ്രയോഗിക്കാനുള്ള സാവകാശം ഇടതുപക്ഷത്തിനും വലതുപക്ഷത്തിനും കിട്ടും. പഞ്ചായത്ത്, നഗരസഭാ തെരഞ്ഞെടുപ്പ് നിയമസഭാ തെരഞ്ഞെടുപ്പിന്റെ പനിമാപിനിയാകും, സംശയമില്ല.**

ജനതാദള്‍ യു എന്ന പേരില്‍ അറിയപ്പെട്ടിരുന്ന ലോക് താന്ത്രിക് ജനതാദളാണ് യുഡിഎഫില്‍നിന്ന് എല്‍ഡിഎഫിലെത്തിയ മറ്റൊരു പാര്‍ട്ടി. എം.പി. വീരേന്ദ്രുകുമാറിന്റെ മരണത്തോടെ മകന്‍ ശ്രേയാംസ്കുമാറിന് രാജ്യസഭാംഗത്വം നല്‍കി എല്‍ഡിഎഫ് ഒപ്പം നിര്‍ത്തിയിട്ടുണ്ട്.

എല്‍ഡിഎഫില്‍ നേരത്തെത്തന്നെ നിലവിലിരുന്ന ജനതാദള്‍ എസും എല്‍ജെഡിയും വൈകാതെത്തന്നെ ലയിക്കും. ജനതാദള്‍ എസിന്റെ മന്ത്രി കെ. കൃഷ്ണന്‍കുട്ടിയും മുന്‍മന്ത്രി മാത്യു ടി തോമസും എല്‍ജെഡി നേതാക്കളുമായി ചര്‍ച്ച തുടങ്ങിയിട്ടുണ്ട്.

രണ്ടു പാര്‍ട്ടികളുടെ വരവോടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തമായെന്നാണ് എല്‍ഡിഎഫ് നേതാക്കളുടെ വാദം. രണ്ടു പാര്‍ട്ടികള്‍ പോയെങ്കിലും ശക്തി കുറഞ്ഞില്ലെന്ന് യുഡിഎഫും അവകാശപ്പെടുന്നു.

ഇതേസമയം, മുന്‍വര്‍ഷങ്ങളേക്കാള്‍ കൂടുതല്‍ താമര വിരിയുമെന്നാണ് എന്‍ഡിഎ നേതാക്കള്‍ പറയുന്നത്. ബിഡിജെഎസ് ബിജെപിയുമായി ചുരുക്കം ചിലയിടങ്ങളില്‍ പിണക്കമായിരുന്നു. എന്നാല്‍ വോട്ടില്‍ ആ പിണക്കം ഉണ്ടാകില്ല. ക്ഷേത്രങ്ങള്‍ കേന്ദ്രീകരിച്ചും അല്ലാതേയുമുള്ള സംഘടനാ കൂട്ടായ്മകളിലൂടെ ബിജെപി വേരുകള്‍ കൂടുതല്‍ വ്യാപിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ തവണത്തേക്കാള്‍ ഇരട്ടി സീറ്റുകള്‍ എന്‍ഡിഎ കൈക്കലാക്കുമെന്നാണ് പൊതുവേയുള്ള വിലയിരുത്തലുകള്‍.

**വികസനവും അഴിമതിയും**

സ്വപ്നം കാണാന്‍ പോലുമാകാത്ത വമ്പന്‍ വികസന പദ്ധതികള്‍ നടപ്പാക്കുന്നുവെന്ന അവകാശവാദവുമായാണ് എല്‍ഡിഎഫ് തെരഞ്ഞെടുപ്പിനെ നേരിടുന്നത്. എല്ലാ പ്രദേശത്തും സ്കൂള്‍, റോഡ്, പാലം തുടങ്ങിയവ അടക്കമുള്ള കിഫ്ബി പദ്ധതികള്‍ മുതല്‍ നാലു മണിക്കൂറുകൊണ്ടു കാസര്‍കോടുനിന്ന് തിരുവനന്തപുരത്ത് എത്തുന്ന സില്‍വര്‍ലൈന്‍ ട്രെയിന്‍ വരെയുള്ള പദ്ധതികള്‍. ഭവനരഹിതര്‍ക്കു പാര്‍പ്പിടം നല്‍കുന്ന ലൈഫ് ലൈന്‍ പദ്ധതിയുമുണ്ട്.

സില്‍വര്‍ ലൈനായാലും ലൈഫ് ലൈനായാലും എല്ലാം അഴിമതി ലൈനാണെന്നാണ് യുഡിഎഫിന്റെയും എന്‍ഡിഎയുടേയും ആരോപണം. കമ്മീഷന്‍, കണ്‍സള്‍ട്ടന്‍സി ഇനങ്ങളിലായി കോടികളാണ് ഭരണ തലപ്പത്തുള്ളവര്‍ വിഴുങ്ങിയതത്രേ. സ്വര്‍ണക്കള്ളക്കടത്തും ലഹരി കള്ളക്കടത്തും കള്ളപ്പണമിടപാടും ലൈഫ് ലൈന്‍ ഫ്ളാറ്റ് ക്രമക്കേടുമെല്ലാം ആരോപിച്ച് കേന്ദ്ര അന്വേഷണ ഏജന്‍സികള്‍ വേട്ടപ്പട്ടികളായി വട്ടമിട്ടു പറക്കുകയാണ്. കസ്റ്റംസും എന്‍ഫോഴ്സ്മെന്റും എന്‍ഐഎയും സിബിഐയുമെല്ലാം കൂട്ടംകൂടി സര്‍ക്കാര്‍ തലപ്പത്തുള്ളവരെ കൊത്തിപ്പറിച്ചുകൊണ്ടിരിക്കുന്നു.

യുഎപിഎ കേസ് കെട്ടിച്ചമയ്ക്കലിനും കള്ളത്തെളിവുണ്ടാക്കലിനുമെല്ലാം കേരള പോലീസ് കാണിച്ച മികവിനെ വെല്ലുവിളിച്ചുകൊണ്ടാണ് കേന്ദ്ര ഏജന്‍സികളുടെ മുന്നേറ്റം. ബിനീഷ് കോടിയേരിയുടെ വീട്ടില്‍നിന്ന് അവര്‍ 'തെളിവു' കണ്ടെടുത്തു കോടതിയില്‍ ഹാജരാക്കി. യുഎപിഎ പ്രതികളുടെ വീട്ടില്‍നിന്ന് വിപ്ലവ പുസ്തകങ്ങളും കൂടത്തായി ജോളിയുടെ വീട്ടില്‍നിന്ന് സൈനേയ്ഡും കണ്ടെത്തിയ കേരള പോലീസിന്റെ മിടുക്കിനെ നിഷ്പ്രഭമാക്കുന്ന പെര്‍ഫോ

മൻസ്.

കോവിഡ് വ്യാപനം തടയാനെന്ന പേരിൽ സർക്കാർ കാട്ടിക്കൂട്ടിയ വിക്രിയകൾ എന്തെല്ലാമാണ്. രോഗികളെ എസ്കോർട്ട് വാഹനങ്ങളും ആരവങ്ങളുമായി ആശുപത്രിയിലേക്കു കൊണ്ടുപോയിക്കൊണ്ടായിരുന്നു തുടക്കം. പോലീസിനെക്കൊണ്ട് പല തവണ മാസങ്ങളോളം കടകമ്പോളങ്ങൾ അടച്ചുപൂട്ടിച്ചു. ജനങ്ങളുടെ തൊഴിലും വരുമാനവും ഇല്ലാതാക്കി. പകരം സൗജന്യ റേഷൻ നൽകി. ഇത്രയൊക്കെ വലിയ കരുതലിന് ജനങ്ങൾ എങ്ങനെ നന്ദി പറയുമെന്ന് ഈ തെരഞ്ഞെടുപ്പിലൂടെ കാണാം.

### വ്യക്തി ബന്ധം

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സദ്ക്കർമങ്ങളും ദുഷ്ചെയ്തികളുമെല്ലാം അൽപമെങ്കിലും ജനമനസിനെ സ്വാധീനിച്ചേക്കാം. ഏറ്റവും ഒടുവിൽ സംസ്ഥാനത്തു കൊണ്ടുവന്ന മാധ്യമമാരണ നിയമം പുറത്തുവിട്ടതിനു പിറകേ പിൻവലിച്ചതും നാം കണ്ടു.

ബ്യൂറോക്രാറ്റുകൾ അടക്കം അധികാരത്തിലുള്ളവർ ചെയ്യുന്ന ജനസേവനങ്ങൾക്കു വിലയിടുന്നതിനുള്ള കാലമാണിത്. വെറും രാഷ്ട്രീയ വിഴുപ്പലക്കുകളെ മാത്രം ആധാരമാക്കി പ്രബുദ്ധ കേരളം വോട്ടു ചെയ്യില്ല. ഓരോ പ്രദേശത്തേയും ജനങ്ങളെ സ്വാധീനിക്കുന്ന വ്യക്തി ബന്ധം വളരെ നിർണായകമാണ്. ജയിക്കാൻ സാധ്യതയുള്ള, ജനങ്ങൾക്കിടയിൽ മതിപ്പുള്ള സ്ഥാനാർഥികളെയാണു തങ്ങൾ മൽസരിപ്പിക്കുന്നതെന്നാണ് മൂന്നു മുന്നണികളും വീമ്പിളക്കുന്നത്. എൽഡിഎഫ് ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തിയിട്ടുണ്ട്. നല്ല സ്ഥാനാർഥികൾ ഇല്ലാത്തതിനാലാണ് ഇതെല്ലാം ചെയ്യുന്നതെന്നാണ് കോൺഗ്രസിന്റെ മറുപടി.

### 22,000 അധികാരികൾ

ഭരണ വികേന്ദ്രീകരണത്തിന്റെ അധികാര കേന്ദ്രങ്ങളിലേക്ക് ഇരുപത്തിരണ്ടായിരത്തോളം പേരെയാണു കേരളം തെരഞ്ഞെടുക്കുന്നത്. പകുതിയിലേറേയും വനിതകളാണ്.

കൃത്യമായി പറഞ്ഞാൽ 1199 തദ്ദേശ സ്ഥാപനങ്ങളിലെ 21,863 വാർഡുകളിലേക്കാണു തെരഞ്ഞെടുപ്പ്. മൊത്തം 75,013 സ്ഥാനാർഥികൾ. 941 ഗ്രാമപഞ്ചായത്തുകളിലെ 15,962 വാർഡുകളിലേക്ക് 54,494 സ്ഥാനാർഥികളാണു മൽസരിക്കുന്നത്. 14 ജില്ലാ പഞ്ചായത്തുകളിലെ 331 ഡിവിഷനുകളിലേക്ക് 1,317 സ്ഥാനാർഥികളുണ്ട്. 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2080 ഡിവിഷനുകളിലേക്ക് 6877 സ്ഥാനാർഥികളും 86 മുനിസിപ്പാലിറ്റികളിലെ 3078 ഡിവിഷനുകളിലേക്ക് 10,339 പേരും ആറു കോർപറേഷനുകളിലെ 414 ഡിവിഷനുകളിലേക്ക് 1986 പേരും മൽസരിക്കുന്നു.

മൂന്നു ഘട്ടങ്ങളിലായാണു വോട്ടെടുപ്പ്. ഡിസംബർ എട്ടിനു തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ. പത്തിന് കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലും 14 ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും. വോട്ടെണ്ണുന്ന ഡിസംബർ 16 ന് വിവരമറിയാം.

### വാക്സിനും ജോ ബൈഡനും

ഒരു വർഷത്തോളമായി ലോകത്തെ കുരുതിക്കളമാക്കിയ കോവിഡിനെതിരേ പൊരുതാനുള്ള വാക്സിൻ തയാറായെന്നതാണ് ഇക്കഴിഞ്ഞ ദിവസങ്ങളിലെ സുപ്രധാന വിശേഷം. അമേരിക്കൻ പ്രസിഡന്റായി ഡെമോക്രാറ്റ് നേതാവ് ജോ ബൈഡനെ റിക്കാർഡ് ഭൂരിപക്ഷത്തോടെ തെരഞ്ഞെടുത്തതാണ് മറ്റൊന്ന്.

കോവിഡ് വാക്സിൻ പുതുവൽസരത്തോടെ ഇന്ത്യയിൽ വിതരണം ആരംഭിക്കും. ആരോഗ്യ പ്രവർത്തകർക്കായിരിക്കും ആദ്യം കോവിഡ് വാക്സിൻ നൽകുക. രണ്ടു ഡോസിന് ആയിരം രൂപ. ഈ നിരക്കു കുറച്ചേക്കും. എല്ലാവർക്കും അതിവേഗം വാക്സിൻ ലഭ്യമാക്കുന്നതോടെ നോവൽ കൊറോണ വൈറസ് ഉന്മൂലനം ചെയ്യപ്പെടുമെന്ന് ആശ്വസിക്കാം.

അമേരിക്ക കണ്ടതിൽ വച്ച് ഏറ്റവും ദയനീയ പരാജയം ഏറ്റുവാങ്ങിയിട്ടും ഡൊണാൾഡ് ട്രംപ് തോൽവി സമ്മതിച്ചിരുന്നില്ല. മുടന്തൻ ന്യായങ്ങൾ കോടതിയിലും വിലപ്പോകാത്ത അവസ്ഥയായി. ഒടുവിൽ തോൽവി സമ്മതിച്ചു.

2009 മുതൽ വൈസ് പ്രസിഡന്റായിരുന്ന ജോ ബൈഡന് 538 ഇലക്ട്രൽ കോളജ് വോട്ടിൽ 306 വോട്ടുകൾ ലഭിച്ചിരുന്നു. 7.80 കോടി ജനങ്ങളാണ് ജോ ബൈഡനെ പിന്തുണച്ചത്. ജനുവരി 20 ന് ജോ ബൈഡൻ സത്യപ്രതിജ്ഞ ചെയ്തു ചുമതലയേൽക്കും. ●

# നിന്റെ ആകാശം



ശ്രീജ വിജയൻ

കവിത

നീർത്തിയിട്ട വിശാലത
ആകാശനീലിമ
നീ,
അലഞ്ഞ അഗാധത
വിശാലമാക്കിയ ഭാവന
നിന്റെ
സ്വപ്ന സഞ്ചാര വീഥികൾ
പുതുരൂപം തേടലുകൾ

പട്ടയോട്ടത്തിൽ ...
വെട്ടിപ്പിടിക്കലിൻ
ചരിത്ര പുസ്തകത്തിൽ നിന്നിറങ്ങി
കണ്ടെടുത്ത വർണ്ണപുസ്തകം
കാണെക്കാണെ പുത്തൻകാഴ്ച -
യൊരുക്കും കമനീയത

വെള്ള മേഘത്തിൻ പടയൊരുക്കങ്ങളെ
ഉരുണ്ടുകൂടലിനെ...
അപഥ സഞ്ചാരങ്ങളെ ....
ചില വേളകളിലെ,
നിതാന്ത ശാന്തതയെ
വാതോരാതെ പറഞ്ഞീടുമ്പോൾ
നിസ്സീമമാം നീല വിസ്തൃതിയിൽ
പറന്നുയരുന്ന പറവയായ് ഞാൻ
വിഹഗവീക്ഷണം ചന്തംകൂട്ടിയ -
യാത്രകൾ

സായാഹ്ന ശോണിമ പുരണ്ട
ചിന്തകൾ
നീ നിറഞ്ഞ നേരങ്ങൾ.
രാത്രിയാകാശത്തിൽ
നിന്റെ വാക്കുകൾ ചേക്കേറുന്നിടം
കാറ്റായ് ....
ദലമർമ്മരമായ്...

തിളങ്ങുംതാരങ്ങൾക്കിടയിൽ
നക്ഷത്ര വഴിയിൽ വാക്കിന്റെ
പീലി വിരിച്ചാട്ടം
പ്രണയ ചിന്തയുടെ പൂരിപ്പിക്കലുകൾ
മഴവിൽ ചാരുത

കേട്ടിരുന്നു ഞാൻ
മധുമൊഴി തൻവശ്യതയിൽ
മോഹമുണ്ടെനിക്ക്

നിന്റെ ആകാശത്തിൽ
ഒച്ച വയ്ക്കാതെ
ഓടിയകലുന്ന
പടർന്നു നിറയുന്ന

പഞ്ഞിക്കെട്ടു മേഘങ്ങളെ
ഒന്നു തൊട്ടീടാൻ.. .....





# മണികണ്ഠനെ വാഴ്ത്തുന്ന വീരമണിസ്വരം

**ഭക്തർക്കു കടുത്ത നിയന്ത്രണങ്ങളുള്ള ശബരിമല തീർഥാടനകാലമാണ് ഇത്തവണത്തേത്. കോവിഡിന്റെ കരിമേഘം ചൂഴ്ന്നുനിൽക്കുമ്പോൾ ദേവാലയ ദർശനങ്ങളും പ്രയാസകരമാകുന്നു. ഒരു ഭക്തിഗാനത്തിൽ പറയുന്നതുപോലെ ഖേദമേകും ദീർഘയാത്ര ഭീതിയേകും വനയാത്ര എന്ന അവസ്ഥ. മനസിനു മോദമേകുന്നത് ഭക്തി മാത്രമാണ്. ശരണ സംഗീതവഴിയിൽ ഇന്നും തിളങ്ങിനിൽക്കുന്ന ഒരു പാട്ടിനെക്കുറിച്ച്...**




തേജശ്രീ

മനസിനെ ഏറെ സ്വാധീനിക്കുന്ന സംഗീതമാണ് അയ്യപ്പഭക്തിഗാനങ്ങളുടേത്. എത്രയെത്രയോ പാട്ടുകൾ ജാതിമതഭേദമില്ലാതെ മനുഷ്യമനസുകളിൽ കൊത്തിവച്ചിരിക്കുന്നു! കണക്കെടുക്കുക അസാധ്യം. അവയിൽ ചിലതുകേട്ടാൽ ഹൃദയങ്ങൾ ഏതോ മഹാസന്നിധിയിലെത്തി തൊഴുതുനിൽക്കുന്ന അനുഭൂതി നിറയും, സ്വയമറിയാതെ.

അയ്യനേ ശരണം എന്നുപേരുള്ള ഒരു ഭക്തിഗാന കാസറ്റിറങ്ങി– പതിറ്റാണ്ടുകൾക്കു മുമ്പ്. അതിലൂടെ മഹത്തായൊരു പാട്ട് ഭക്തർ കേട്ടുതുടങ്ങി. പള്ളിക്കെട്ട് ശബരിമലയ്ക്ക് എന്നുതുടങ്ങുന്ന ആ പാട്ട് ഇന്നും ഇടംപിടിച്ചിരിക്കുന്നത് ഭക്തരുടെ ഇടനെഞ്ചിലാണ്.

ദൃഢവിശ്വാസത്തിന്റെ സ്വരത്തിൽ ഉച്ചസ്ഥായിയിലുള്ള പാട്ട് അല്പം തമിഴ് ചുവയോടെയാണ് കേൾക്കുക. തമിഴ്നാട്ടിൽ ദീർഘകാലത്തെ സംഗീതപാരമ്പര്യമുള്ള കുടും

ബത്തിലെ സഹോദരന്മാരായ കെ. സോമുവും കെ. വീരമണിയുമാണ് ഈ പാട്ടിന്റെ പ്രധാന അണിയറക്കാർ. സോമുവിന്റെ ഈണം, വീരമണിയുടെ ഗംഭീരനാദം.. ഒപ്പം വയലിനിൽ മറ്റൊരു സഹോദരൻ ഗജ. പാട്ടിന്റെ വരികളാണോ ഈണമാണോ വീരമണിയുടെ ശബ്ദപ്രഹർഷമാണോ ഈ ശരണഘോഷത്തെ ഇത്രമേൽ പ്രിയങ്കരമാക്കുന്നതെന്ന് സംശയംതോന്നാം. ഒരുപടി മുന്നിൽനിൽക്കുന്നത് അലകളുയർത്തി എത്തുന്ന ആലാപനമാണെന്ന് നാം തിരിച്ചറിയും. ലാളിത്യവും ഗാംഭീര്യവും ഒരുപോലെ നിറയുന്ന മഹത്തായ ആലാപനം.



വീരമണി

## വരമായ പാരമ്പര്യം

എം.കെ. കൃഷ്ണകുഞ്ജരം അയ്യരുടെയും ഭാഗീരഥി അമ്മാളുടെയും മകനായി 1936ലാണ് വീരമണി ജനിച്ചത്. സോമുവിന് വീരമണിയേക്കാൾ നാലുവയസു കൂടും. ഋഷിതുല്യനും ശിവഗംഗ സമസ്ഥാനത്തിന്റെ ആസ്ഥാനവിദ്വാനുമായിരുന്ന കവി കുഞ്ജാര ഭാരതികൾ ഇവരുടെ മുതുമുത്തച്ഛനായിരുന്നു. മുത്തച്ഛൻ എൻ. കോടീശ്വര അയ്യരും കർണാടക സംഗീതത്തിൽ കേമൻ. ഭക്തിപ്രധാനമായ കൃതികളുടെ സ്രഷ്ടാവ്. അമ്മാവൻ നാഗമണിയാണ് സോമുവിനെയും വീരമണിയെയും സംഗീതത്തിന്റെ വഴിയിൽ കൈപിടിച്ചു നടത്തിയത്. പിന്നീട് ശീർകാഴി സദാശിവം പിള്ളയും സംഗീതം അഭ്യസിപ്പിച്ചു. ജി.എസ്. മണി, തഞ്ചൈ ബാലു എന്നിവരും ഗുരുക്കന്മാരായിരുന്നു. 1952 മുതൽ ഇരുവരും കച്ചേരികൾ അവതരിപ്പിച്ചു തുടങ്ങി. നാടകങ്ങൾക്ക് സംഗീതമിട്ടുതുടങ്ങിയ ഇവർ ഇരുപതു കൊല്ലത്തിനിടയ്ക്ക് അഞ്ഞൂറിലേറെ നാടകങ്ങൾക്ക് പാട്ടുകളൊരുക്കി.

ഗുരുസ്വാമി ഹരിഹരന്റെ മണികണ്ഠ ഭക്തസമിതിയിൽ അംഗമായതോടെ സോമുവിന്റെ സംഗീതജീവിതം ഭക്തിമയമായി. ശബരിമലയിൽ പതിവായി എത്തുമായിരുന്നു അദ്ദേഹം. ഒട്ടേറെ അയ്യപ്പഭക്തിഗാനങ്ങൾ സ്വയമെഴുതി ഈണമിട്ടു. അതേസമയം വീരമണി എം.എസ്. വിശ്വനാഥന്റെ ട്രൂപ്പിൽ അംഗമായിരുന്നു. ആയിരത്തിൽ ഒരുവൻ പോലുള്ള സിനിമകളിൽ അദ്ദേഹം പാടിയിട്ടുണ്ട്. വൈകാതെ വീരമണിയും സഹോദരന്റെ പാത പിന്തുടർന്ന് ഭക്തിസംഗീതത്തിലേക്കു തിരിഞ്ഞു. എഴുപതുകളുടെ തുടക്കമുതൽ നടൻ എം.എൻ. നമ്പ്യാർക്കൊപ്പം പതിവായി ശബരിമലയിൽ എത്തുമായിരുന്നു വീരമണി. അങ്ങനെയിരിക്കേയാണ് പള്ളിക്കെട്ട് ശബരിമലയ്ക്ക് എന്ന ഈ പാട്ടിന്റെ പിറവി.

ശാസ്ത്രീയമായി സംഗീതമറിയുന്നവരും സാധാരണക്കാരും അടക്കം എല്ലാത്തരം ശ്രോതാക്കൾക്കും ഒരുപോലെ ഇഷ്ടമുള്ള പാട്ടാണ് ഇത്. ഭക്തിയുടെ അങ്ങേയറ്റം. ഇതിന്റെ പല പതിപ്പുകൾ പലരും പാടിയിട്ടുണ്ടെങ്കിലും വീരമണി പാടിയ ഒറിജിനലിന് ഇന്നും ആരാധകർ ഏറെ. യുട്യൂബിൽ ദശലക്ഷക്കണക്കിനു തവണ ഈ പാട്ട് പ്ലേ ചെയ്യപ്പെടുന്നു.

1987ൽ വീരമണിക്ക് തമിഴ്നാട് സർക്കാർ കലൈമാമണി പട്ടം നൽകി ആദരിച്ചു. 1990 സെപ്റ്റംബർ 25ന് മധുര മീനാക്ഷി ക്ഷേത്രത്തിൽ വീരമണി നടത്തിയ അവസാന കച്ചേരി ഏറെ ഹൃദയസ്പർശിയായിരുന്നു. ശ്രീകോവിലിനു മുന്നിൽ ആത്മാവർപ്പിച്ചാണ് അന്നു വീരമണി തന്റെ ഗാനാർച്ചന നടത്തിയത്. രക്താർബുദം തന്നെ കീഴ്പ്പെടുത്താറായിരിക്കുന്നു എന്ന തിരിച്ചറിവോടെയായിരുന്നു ആ കച്ചേരി. ഇനിയൊരുതവണകൂടി അതുപോലെ പാടാൻ തനിക്കു കഴിയുമോ എന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നില്ല. തൊട്ടടുത്തമാസം അദ്ദേഹത്തിന്റെ ആ മാസ്മര സ്വരം നിലയ്ക്കുകയും ചെയ്തു.

മുപ്പതുവർഷം കഴിഞ്ഞിരിക്കുന്നു വീരമണി ഈ ലോകം വിട്ടുപോയിട്ട്. പക്ഷേ ആ പള്ളിക്കെട്ട് ഇന്നും ഭക്തമനസുകളാകുന്ന പുണ്യമലകൾ കയറിയിറങ്ങുന്നു..

# തേൻകിണ്ണം

കഥ

പ്രേമിച്ചാണ് അവർ വിവാഹം കഴിച്ചത്, വീട്ടുകാരുടെയും മതത്തിന്റെയും എതിർപ്പുകൾ അവഗണിച്ച്....

ഇപ്പോൾ കൊല്ലം അൻപത് കഴിഞ്ഞു. മക്കളും ചെറുമക്കളുമായി...

മക്കളും പേരക്കിടാങ്ങളും അടുത്തില്ലാത്ത ഒഴിഞ്ഞ ഒരു സന്ധ്യയിൽ, അവർ തങ്ങളുടെ വിവാഹവാർഷികം ഓർത്തെടുത്ത ഒരു നിമിഷം....

അവൾ അവനോട് പറഞ്ഞു: 'നീ ഒരുപാട് മാറിയിരിക്കുന്നു... പ്രായം നിന്നെ ഒരുപാട് മാറ്റിയിരിക്കുന്നു....'

അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു: 'കൊല്ലം ഒരുപാട് കഴിഞ്ഞിട്ടും നിനക്ക് ഇന്നും ഒരു മാറ്റവുമില്ലല്ലോ....'

അവൾ അവന്റെ മാറിൽ മുഖമമർത്തി ചിരിച്ചു...

ചിരിയുടെ ഒടുവിൽ അവന്റെ മാറിൽ പടർന്നിറങ്ങിയ അവളുടെ കണ്ണീരിൽ അവൻ കണ്ടു, അൻപത് കൊല്ലം മുൻപുള്ള ഒരു നിലാവെളിച്ചത്തിന്റെ തേൻകിണ്ണം....

അടുത്തകൊല്ലം അതേ ദിവസം, അവരുടെ ഒന്നാം ചരമവാർഷികം ആർഭാടപൂർവം കൊണ്ടാടിയശേഷം തങ്ങളുടേതായ ലോകത്തേക്ക് മടങ്ങാൻ ഒരുങ്ങുകയായിരുന്നു, മക്കളും ചെറുമക്കളും....



എ. കെ. അനിൽകുമാർ



# മധ്യകേരളം ആർക്കൊപ്പം....

(രണ്ട് മേയർ സ്ഥാനാർഥികൾ സംസാരിക്കുന്നു)

**സി.ആർ.രാജൻ**

സംസ്ഥാനം തെരഞ്ഞെടുപ്പു ചൂടിലാണ്. ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണതുടർച്ചയാണോ ഭരണമാറ്റമാണോ സംഭവിക്കുക എന്നതിന്റെ 'ടെസ്റ്റ് ഡോസ്' എന്നു കണക്കാക്കപ്പെടുന്ന അങ്കത്തട്ട് ഉണർന്നുകഴിഞ്ഞു. ഡിസംബർ ആദ്യപകുതിയിൽ വിധിനിർണയം നടക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിധിനിർണയം, സ്വഭാവികമായും സംസ്ഥാനത്തിന്റെ രാഷ്ട്രീയചിത്രം വ്യക്തമാക്കും. വീഴുന്നവർക്ക് തിരുത്തൽ വരുത്തുന്നതിനും വിജയികൾക്ക് അതേ നിലയിൽ തുടരുന്നതിനും, ശേഷിക്കുന്ന ഏതാനും മാസങ്ങൾ കഠിനതപത്തിന്റേതാകും. ഇതത്രയും മനസിലുറപ്പിച്ച, അതതു മുന്നണികളിൽ ശ്രദ്ധേയമാംവിധം നേതൃപാടവം തെളിയിച്ച തൃശൂർ കോർപറേഷനിലേക്ക് മത്സരിക്കുന്ന രണ്ട് മേയർ സ്ഥാനാർഥികൾ സാഹചര്യങ്ങൾ വിലയിരുത്തുന്നു.

## തെറ്റായ പ്രചാരണങ്ങൾ വിലപ്പോകില്ല; നിഷ്പക്ഷമതികൾ ഇടതിനൊപ്പം

സംസ്ഥാന രാഷ്ട്രീയചിത്രം പരിശോധിച്ചാൽ, മനുഷ്യനന്മ മാത്രം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളാണ് കേരള സർക്കാർ ചെയ്തുവരുന്നത്. ഈ പ്രവർത്തനങ്ങൾക്ക് നല്ല ജനകീയ പിന്തുണ ലഭിക്കുന്നുണ്ട്. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുടർച്ച ലഭിക്കുന്നത്, തീർച്ചയായും നാടിനാവശ്യമാണ്.

ജനങ്ങൾക്കിടയിൽ ഐക്യം ഊട്ടിയുറപ്പിക്കുന്ന നിലപാടിന് ഊന്നൽ ലഭിക്കേണ്ടതുണ്ട്. ജാതി, വർണ, വർഗ, ലിംഗ ഭേദങ്ങളില്ലാത്ത ഐക്യം കാലം ആവശ്യപ്പെടുന്നുണ്ട്. ജാതിയുടെയും മതത്തിന്റെയും പേരിൽ സമൂഹത്തിൽ വേർതിരിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിന് മാറ്റം വരുത്തണം. ഐക്യത്തിലേക്ക് ജനമനസ് തിരിയണം. മത-വർഗീയ ശക്തികളുടെ കുത്സിതനീക്കങ്ങൾ ചെറുക്കണം. കക്ഷി രാഷ്ട്രീയത്തിന



**പി.കെ.ഷാജൻ**

തീതമായി, ചെറുകൂട്ടങ്ങളായി ജനങ്ങളെ തിരിക്കണം. എല്ലാവിഭാഗവും ഉൾപ്പെടുന്ന ചെറുകൂട്ടങ്ങൾ. വർഗീയ പ്രശ്നത്തിന് ഇതു പരിഹാരമാകുമെന്നാണ് കരുതുന്നത്. തെരഞ്ഞെടുപ്പുകൾ തന്നെ ജാതീയമാക്കി മാറ്റുന്ന പ്രവണത നിലവിലുണ്ട്. അതിന്റെ വേരറുക്കുകയെന്നത് ഭരണപരമായ പ്രവർത്തനങ്ങളുടെ ഭാഗമാക്കണം.

ജനങ്ങളുടെ പക്ഷത്തുനിന്ന് പ്രവർത്തിക്കുന്ന സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേതെന്ന ഒരു വിശ്വാസം ജനങ്ങൾക്കിടയിലുണ്ട്. നിഷ്പക്ഷമതികൾ ഇങ്ങനെയാണ് നിലവിലെ ഭരണത്തെ കാണുന്നത്. തെരഞ്ഞെടുപ്പുകളിൽ വിധി നിർണയിക്കുന്നതും ഈ വിഭാഗമാണ്. മാധ്യമവാർത്തകളല്ല ഇവരെ സ്വാധീനിക്കുന്നത്. സമൂഹത്തെ നോക്കിക്കാണുന്ന വിഭാഗമാണ് ഇവർ. നിപ്പോ, വെള്ളപ്പൊക്കം, കൊറോണ തുടങ്ങി മനുഷ്യജീവന് വെല്ലുവിളി ഉയർന്ന സന്ദർഭങ്ങളിൽ ഈ സർക്കാരിന്റെ പ്രവർത്തനം ഇവരൊക്കെ വിലയിരുത്തിയിട്ടുണ്ട്. തെറ്റായ പ്രചരണങ്ങളൊന്നും നിഷ്പക്ഷ വിലയിരുത്തലുകളെ ബാധിക്കില്ല. അതുകൊണ്ടുതന്നെ കേരളത്തിൽ പൊതുവെ ഇടതുപക്ഷത്തിന് നല്ല മുൻതൂക്കം വരും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്.

ഇനി തൃശൂരിന്റെ തനതായ പ്രശ്നങ്ങളെകുറിച്ചും ചിലത് പറയാം.

തൃശൂർ കോർപറേഷനെ സംബന്ധിച്ച് പ്രധാനപ്രശ്നം മാലിന്യ സംസ്കരണമാണ്. കഴിഞ്ഞ ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയതിന്റെ ഭാഗമായി, ഏറെക്കുറെ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. നഗരത്തെ പൂർണമായി മാലിന്യമുക്തമാക്കുന്ന നടപടി തുടരും.

കുടിവെള്ള പ്രശ്നത്തിന് കരുവന്നൂർ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നഗരവികസനത്തോടൊപ്പം കൂടുതൽ ആവശ്യമായി വന്നിരിക്കുന്ന കുടിവെള്ള പ്രശ്നം, ഈ പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ പരിഹരിക്കപ്പെടും. കിണറുകൾ ഏറെക്കുറെ നഗരത്തിൽ ഇല്ലാതായികഴിഞ്ഞു. ലോറികളിൽ വെള്ളം വിതരണം ചെയ്യുന്ന രീതിയാണ്, ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ഇപ്പോൾ ചെയ്തുവരുന്നത്. അതൊരു താൽക്കാലിക സംവിധാനമാണ്. കരുവന്നൂർ പദ്ധതിയുടെ പൂർത്തീകരണത്തോടെ ഈ നിലയിൽ മാറ്റം വരും.

ഗതാഗതകുരുക്കെന്ന പ്രശ്നത്തിന് കുറെയൊക്കെ പരിഹാരമായിട്ടുണ്ട്. ദിവാൻജി മേൽപ്പാലം യാഥാർഥ്യമായതോടെ കുരുക്ക് ഒന്നഴിഞ്ഞുകിട്ടിയിട്ടുണ്ട്. ഇനി വേണ്ടത് എം.ജി. റോഡ് വികസനമാണ്. ട്രാഫിക് ബ്ലോക്ക് എന്ന ഗുരുതര പ്രശ്നം നഗരത്തിൽ ഇതോടെ പരിഹരിക്കപ്പെടും.

വീടുകളിലെ പച്ചക്കറികൃഷിക്ക് പ്രോത്സാഹനം നൽകും. റസിഡന്റ്സ് അസോസിയേഷനുകളുടേയും മറ്റ് ജനകീയ കൂട്ടായ്മകളുടേയും സഹകരണം ഇതിനു തേടും. വളം, വിത്ത് വിതരണം കാര്യക്ഷമമായി നടപ്പാക്കും. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കും. മത്സരങ്ങൾ സംഘടിപ്പിക്കും.

സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, മാറ്റിയിടുന്നത് വൈകുന്ന പ്രവണത നിലവിലുണ്ട്. ആ രീതി മാറും. ഉടൻ പരിഹാരം കാണുന്നതിന് കമ്പ്യൂട്ടറൈസ്ഡ് സംവിധാനം ഏർപ്പെടുത്തും.

സോളാർ പാനലുകളുടെ ഉപയോഗം സാർവ്വത്രികമാക്കാൻ പദ്ധതികൾ തയ്യാറാക്കും. ജനങ്ങളുടെ സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കും. ഏതു പദ്ധതി നടപ്പാക്കുമ്പോഴും ജനപങ്കാളിത്തം ഉറപ്പാക്കും. ജനത്തിന് അഭിപ്രായം പങ്കിടാൻ വേദിയുണ്ടാകും. കോർപറേഷൻ ഭരണാധികാരികൾ തെറ്റുചെയ്താൽ ചോദിക്കുന്നതിനും ജനകീയ വേദികൾ ഉണ്ടാകും.

തൃശൂർ നഗര ഭരണവുമായി ബന്ധപ്പെട്ട് ഇത്രയും കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണമെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ലക്ഷ്യം വെച്ചിട്ടുള്ളത്.

# യുഡിഎഫ് മുന്നേറ്റത്തിൽ പ്രതീക്ഷവെച്ച് രാജൻ പല്ലൻ



**രാജൻ പല്ലൻ**

ഇത്തവണ തൃശൂരിൽ യുഡിഎഫ് മുന്നേറ്റം നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. 55 സീറ്റിൽ നാൽപ്പതിനടുത്ത് സീറ്റ് നേടാനാകുമെന്നാണ് കണക്കാക്കുന്നത്. നിലവിലെ എൽഡിഎഫ് ഭരണം ബിജെപി പങ്കാളിത്ത ഭരണമാണ്. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പര്യായമായിരുന്നു കഴിഞ്ഞ 5 വർഷത്തെ ഭരണം.

ജനപങ്കാളിത്തത്തോടെ യുഡിഎഫ് ഭരണകാലത്ത് നടപ്പാക്കിയ വികസന പ്രവർത്തനങ്ങളും കഴിഞ്ഞ എൽഡിഎഫ് ഭരണത്തിലെ വികസന പ്രവർത്തനങ്ങളും ജനങ്ങൾ മനസിലാക്കിയിട്ടുണ്ട്.

തൃശൂരിനെ സംബന്ധിച്ച് ഏറെ ചർച്ചചെയ്യപ്പെട്ടിരുന്ന 'പട്ടാളം റോഡ് കുപ്പിക്കഴുത്ത്' പൊട്ടിച്ചത് യുഡിഎഫ് ഭരണകാലത്താണ്. അതിന്റെ പൂർത്തീകരണം ഇതുവരെയും നടന്നിട്ടില്ല. ദിവാൻജി ജംഗ്ഷൻ മേൽപ്പാലത്തിനായി 6 കോടി 33 ലക്ഷം രൂപ റെയിൽവേയിൽ കെട്ടിവച്ചത് യുഡിഎഫ് ഭരണസമിതിയാണ്. മേൽപ്പാലം പൂർത്തീകരിച്ചതിന്റെ മുഴുവൻ ക്രെഡിറ്റും ഇപ്പോൾ എൽഡിഎഫ് ഏറ്റെടുക്കുന്നു.

ഞാൻ മേയറായിരുന്നപ്പോൾ കൊണ്ടുവന്ന വികസന പ്രവർത്തനങ്ങൾ തങ്ങളുടെ നേട്ടമായാണ് എൽഡിഎഫ് അവതരിപ്പിക്കുന്നത്. ഇതു പക്ഷേ ജനങ്ങൾ തിരിച്ചറിയും. ഞങ്ങൾ നടപ്പാക്കിയ ജംഗ്ഷൻ വികസനങ്ങൾ (പൂങ്കുന്നം, കിഴക്കേകോട്ട, കൂർക്കഞ്ചേരി, നടുവിലാൽ തുടങ്ങിയവ) ഏറെ കൃത്യതയോടെയാണ് ചെയ്തുതീർത്തത്. കഴിഞ്ഞ ഭരണസമിതിക്ക് ഒരു ജംഗ്ഷൻ പോലും വികസിപ്പിക്കാൻ സാധിച്ചില്ല എന്നത് യാഥാർഥ്യമാണ്.

ഇതെല്ലാം മനസ്സിലാക്കിയ തൃശൂർ ജനത, വലിയ ഭൂരിപക്ഷം നൽകി യുഡിഎഫ് സ്ഥാനാർഥികളെ വിജയിപ്പിക്കും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

സംസ്ഥാനത്തെ രാഷ്ട്രീയചിത്രം പരിശോധിച്ചാൽ, പ്രാദേശികതലത്തിൽ വെളിപ്പെടുന്ന 'ട്രെൻഡ്' കൂടുതൽ ബലപ്പെടുന്ന കാഴ്ചയാണ് കിട്ടുക. സംസ്ഥാന സർക്കാരിന്റെ അഴിമതിയും തെറ്റായ നടപടികളും പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനം മനസിലാക്കിയിട്ടുണ്ട്. അതിന്റെ ശക്തമായ തിരിച്ചടി ഈ തെരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്നതിൽ സംശയിക്കേണ്ടതില്ല. യുഡിഎഫിന്, പ്രത്യേകിച്ച് കോൺഗ്രസിന് ഈ സാഹചര്യം തീർത്തും അനുകൂലമായി മാറിയിട്ടുണ്ട്.



# ഒഴിയാബാധകൾ

കവിത



ഡോ. അജയ് നാരായണൻ

അവിടെ
അവൾക്കു ബാധയാണത്രേ
കൂടിയിട്ടേറെ നാളായിട്ടില്ല പോൽ!
ഒരു ദുർബാധ
ഒഴിയാബാധയായ്
തീരാവ്യാധിയായ്
അവൾ നീറിയെരിഞ്ഞു...

നാട്ടാര് കൂട്ടം കൂടി
പൂച്ചം പറഞ്ഞു
ചുവരുകൾക്കിടയിൽ
പനമരത്തിന്റെ ചിന്നംവിളി
കാതോർത്തിരുന്നു
ഒഴിയാബാധ...

വീട്ടിലെ പരബ്രഹ്മം
കുറ്റിബീഡിയിൽ ഊർധ്വൻ കേറ്റി
വെറുതെ ചിരിച്ചുനിന്നു
ഒക്കത്തിരിക്കണ കൊച്ചിന്റെ വായിൽ
ഉണങ്ങിയ മുലയിൽ നിന്നും
ചോര പിഴിഞ്ഞുകൊടുത്തു
അടുപ്പിന്റെ മൂലയിൽ
കണ്ണീർ തേടി
കനലൂതി
തള്ളയിരുന്നു...

അവളുടെ മേലാകെ പെരുത്തുകേറും
ബാധ കണ്ടാൽ സഹിക്കില്ല!
കേട്ടറിഞ്ഞോടിയടുത്തു
വന്നുറഞ്ഞാർത്തു തുള്ളീ
കാവിലെക്കോമരം.

അയാളുടെ നാവിലൂടൂർന്ന
വെളിപ്പാടുകൾ കാറ്റായടർന്നുവീണൂ
തീയായ് വിടർന്നു
ചുടുനീരായൊടുങ്ങി
ഉള്ളിൽ
പൂത്തുലഞ്ഞു...

കോമരം തുള്ളികൊണ്ടേയിരുന്നു
കയ്യിലെ ചിലമ്പ് തീണ്ടാരിയായി
വാളിന്റെ ആസക്തിയിൽ
അവളുടെ കന്യകാത്വത്തിന്റെ
അസ്ഥികളും പൊടിഞ്ഞു
എന്നിട്ടും അവൾ
നൂറും പാലും കുടിച്ചാടിത്തിമിർത്തു
ആരോ വരച്ച മഞ്ഞൾക്കളത്തിൽ
പൂക്കുലയായി വിടർന്നു തുള്ളി.

പെണ്ണിന്റെ നെഞ്ചിലെ
പിച്ചകമൊട്ടുകളടർന്നുവീണൂ മണ്ണിൽ
ഉലഞ്ഞാർന്നുരുകിയ മുടിയിലെ ജമന്തി
തറയിലെ കളത്തിൽ പൂന്തൊങ്ങലിട്ടു.

കോമരം അലറി
അമ്മ കോപിച്ചിരിക്കണ്
കാവ് തീണ്ടി
പെണ്ണ് തീണ്ടി
കുരുതി വേണം
കാവിലമ്മേ...

നാട്ടാര് ആർത്തലച്ചു കുരച്ചു
അമ്മേ, ചെയ്തോളാമേ...

വായ്ക്കുരവകൾക്കിടയിൽ
തെച്ചിപ്പൂവുകൾ കൊണ്ട് താലി ചാർത്തി
ചോന്ന ഗോതിപ്പട്ടുടുത്തു
ബാധ
കഴുത്തു നീട്ടിക്കിടന്നു
നീണ്ടു നിവർന്ന്...

അവൾ എണ്ണിത്തുടങ്ങി
ഒന്ന്, രണ്ട്, മൂന്ന്...
അനന്തമായി സംഖ്യകൾ വരിയായി
നിൽപ്പുണ്ടായിരുന്നു!

# ആർദ്ര



കയ്യുമ്മു കോട്ടപ്പടി

കവിത

വാടിപ്പിക്കല്ലേ, എന്റെ
ഹൃദയം നൊന്ത് നൊന്ത്
വെന്തുപോകും!

നിറഞ്ഞൊഴുകിയാലും
അലകളടിച്ചുയർന്നാലും
അകനോവുകളാൽ.....
കുഞ്ഞു, കുഞ്ഞുപൂക്കളുടെ,
അടക്കിപ്പിടിച്ചതേങ്ങലുകൾ.........

ഇന്നെത്ര വട്ടം ഓർത്തിരി -
ക്കുന്നു, വെയിൽപ്പാളികളിൽ വീണ
മുള്ളുവേലിക്കരികിൽ
ചിന്നിച്ചിതറിയ വിസ്മയിപ്പിക്കും
ആ, ലാസ്യ സ്വപ്നങ്ങളെ.......?

വൃക്ഷങ്ങളെപ്പോലെ
പടർന്നു പന്തലിച്ച്,
ഒടുവിൽ കരിയുകയും
വീണ്ടും തളിർക്കുകയും
ചെയ്ത ഒരു സുഖമമായ
ലാസ്യം, നടന താളാത്മകമായ
ലാസ്യം!

എത്ര കുതറി മാറിയിട്ടും
പിന്നേയും പിന്നേയും
പ്രേമത്തിന്റെ ചില്ലകളിൽ
പടർന്നു കയറാനായൊരു
ശുണ്ഠി!

ഞാൻ ഭൂമിയെ തൊടുമ്പോൾ
ജലധാരങ്ങളുടെ ഒരു
സ്പർശം'
ഒരു കാമുകിയുടേതു പോ-
ലുള്ള തൊട്ടറിവിന്റെ നോവ്!
നിലാവിന്റെ ആർദ്ര നോവ്



# പുറത്തെ കാഴ്ചകൾ

കഥ



വിനോദ് ആനന്ദ്

"മനുഷ്യൻ എന്തൊക്കെ കാട്ടിക്കൂട്ടിയാലും ശരിയും തെറ്റും വേർതിരിച്ച് ഒരിക്കൽ കാലം നീതി നടപ്പിലാക്കുക തന്നെ ചെയ്യും. പ്രളയം വന്നപ്പോ, ഉരുൾ പൊട്ടലുണ്ടായപ്പോ, മഹാ രോഗം വന്നപ്പോ,... തെളിവുകൾ മുന്നിലുണ്ട്. മറ്റെല്ലാ ജീവികളെയുംപോലെ വെറുമൊരു സാമൂഹ്യ ജീവിയാണ് മനുഷ്യനെന്ന് മറന്നുപോകുന്നതെന്ത്?"

റേഡിയോ പ്രഭാഷണം ആസ്വദിച്ചിരിക്കുമ്പോൾ ശ്രീമതി വന്ന് റേഡിയോ ഓഫ് ചെയ്ത് ടീവി വച്ചു. ഉണ്ടും ഉടുത്തും വീടിന്റെ മൂലയിൽ ഒതുങ്ങിക്കൂടുന്ന കാലത്തിലേക്ക് ശരീരവും മനസ്സും എത്തപ്പെട്ടുവെന്ന് തോന്നിച്ചതാകാം മറുത്തൊന്നും പറയാൻ എനിക്കപ്പോൾ കഴിയാതിരുന്നത്. ടീവിയിലപ്പോൾ ഏതോ മെഗാസീരിയൽ നടക്കുകയായിരുന്നു. നവരസങ്ങൾക്കായി മുഖമിളക്കി പരിശ്രമിക്കുന്ന നാട്യക്കാരിയെപ്പോലെ സീരിയലിലെ കഥാഗതിക്കൊപ്പം അവൾ മുഖമിളക്കി. സീരിയൽ കാണൽ പതിവില്ലാത്തതുകൊണ്ട് ഞാൻ പതിയെ എഴുന്നേറ്റ് ഉമ്മറത്തെ ചാരുകസേരയിൽ പോയിരുന്നു. പുറത്ത് ഇളം കാറ്റുണ്ട്. മരണത്തിന് മുൻപുള്ള തെങ്ങുകളുടെ പിടച്ചിൽ ശബ്ദം അവിടെങ്ങും അലയടിച്ചു. വഴി തെറ്റി വന്ന ഒരു അണ്ണാറക്കണ്ണൻ തൊടിയിലൂടെ ശബ്ദമുണ്ടാക്കി മുറ്റത്തെ മാവിൽ വലിഞ്ഞ് കയറി. മഴയുടെ ഇരുട്ടിനൊപ്പം വന്നു കയറിയ ഈയാൻ പാറ്റകൾ തലയ്ക്ക് മീതെ വട്ടമിട്ട് പറന്നു. സീരിയൽ ശബ്ദം പൊടുന്നനെ നിലച്ചു. ഒരു ന്യൂജൻ പാട്ടിന്റെ ശബ്ദഘോഷം മുറിയിൽ ഒതുങ്ങാതെ പുറത്തേക്ക് ചാടിയ ഒച്ചയിൽ മാവിലിരുന്ന അണ്ണാറക്കണ്ണൻ വിരണ്ടോടി. മരണ വെപ്രാളത്താൽ പിടയുകയായിരുന്ന തെങ്ങിൻ മർമ്മരം ശബ്ദം കേൾക്കാതെയായി. റിമോട്ട് കൈക്കലാക്കി മകൻ അവനിഷ്ടപ്പെട്ട ചാനൽ വച്ചപ്പോൾ മറുത്തൊന്നും പറയാനാകാതെ സീരിയൽ ഉപേക്ഷിച്ച് ശ്രീമതിയും ഉമ്മറത്തേക്ക് വന്നു.പതിവില്ലാതെ അവളും പുറത്തേക്ക് നോക്കിയിരുന്ന് ബാല്യത്തിലെ ങ്ങോ കണ്ട അണ്ണാറക്കണ്ണന്റെയും തൂക്കണാം കുരുവിയുടെയും ഓർമ്മകൾ അയവിറക്കി. ചുറ്റുപാടുകൾക്ക് സംഭവിച്ച മാറ്റങ്ങൾക്കൊപ്പം മനുഷ്യന് സംഭവിച്ച മാറ്റങ്ങളും ഞങ്ങൾ പരസ്പരം പങ്കു വച്ചു. ആകെക്കൂടി ഇന്നൊരു വിശേഷപ്പെട്ട ദിവസം തന്നെയെന്ന് എനിക്ക് തോന്നി.അപ്പോഴേക്കും അവസരം കാത്ത് നിന്ന മഴ താളത്തിൽ പെയ്ത് തുടങ്ങി.തുള്ളികളെ ചിതറിക്കാനെന്നവണ്ണം കുസൃതിയോടെ തെക്കൻ കാറ്റ് വീശിയടിച്ചു. കാറ്റത്ത് ഇളകി വീണ കൊതുമ്പിൻ കഷ്ണം വന്ന് വീണതാകട്ടെ നടവഴിയിലെ പോസ്റ്റിൽ കെട്ടിയ വൈദ്യുത കമ്പികൾക്ക് മുകളിലും. പരിരംഭണ സുഖം നുകരാൻ വെമ്പൽകൊണ്ട പ്രണയിനികളെപ്പോലെ ഫേസും ന്യൂട്രലും സ്വൈരൈക്യത്തോടെ ഇഴുകിച്ചേർന്നപ്പോൾ പെറ്റിട്ട തീക്കുമിള ജീവിതങ്ങൾ ക്ഷണത്തിൽ എരിഞ്ഞൊടുങ്ങി.അതോടെ കറന്റ് പോയി. തട്ടുപൊളിപ്പൻ പാട്ട് ആസ്വദിച്ചിരുന്ന മകനും മുറി വിട്ട് ഉമ്മറത്തേക്ക് വന്നു.അതെ, ശരിക്കും ഇന്നൊരു വിശേഷപ്പെട്ട ദിനം തന്നെ. അതുകൊണ്ടാണല്ലോ പുറത്തെ ഘോഷം കാണാൻ അന്നാദ്യമായി മകനും ഞങ്ങളോടൊപ്പം കൂടിയത്. ആഗ്രഹിച്ച നീതി നടപ്പിലാക്കപ്പെട്ടതിൽ പ്രകൃതിയോട് നന്ദി പറഞ്ഞ് ഞാൻ വീണ്ടും പുറത്തെ കാഴ്ചകളിലേക്ക് കണ്ണോടിച്ചു.



കവിത

# എവിടെയാണെങ്കിലും



ഹാജറ കെ.എം

എങ്ങു പോയ് നീ
അടർത്തിമാറ്റിയ നിൻ ഹൃദയവുമായ്
എന്റെ യാത്മാവിൽ നിന്ന്
ഒരു വേള എന്നെയൊന്നോർക്കാതെ

എങ്കിലും കെടാതെ കത്തുന്ന ഓർമകളുണ്ടെന്റെനെഞ്ചിൽ
തിരിയണയാതെ
പൊള്ളിച്ചും നോവിച്ചും
രാവേറെയോളമെൻ മിഴികൾ നനച്ചും

എവിടെ നീ
എന്നെ മറന്നു കൊണ്ടേതു
കുളിരിൽ തനിച്ചുറങ്ങുന്നു
ഏതുവേനലിൽ സ്വപ്നങ്ങൾ നെയ്യുന്നു...

എന്തുന്മാദമായിരുന്നു ഒന്നു ചേർന്നു നിൽക്കാൻ
ഏതോ നിലാപ്പാട്ടു കേൾക്കാൻ
ഒരുമിച്ചേറെ നേരമിരിക്കാൻ
ചുണ്ടിതളുകളിൽ നിന്നൊരു ചുംബനം
കട്ടെടുക്കാൻ,,,,,

എങ്കിലും ക്ഷണ വേഗത്തിൽ മടങ്ങി നീ
ഒരു പിൻവിളിയരികിലെന്നോർക്കാതെ
എന്തു ധൃതിയിൽ പടിയിറങ്ങി നീ




ഇനിയെന്നിൽ വേണ്ട
തണൽ മാഞ്ഞ സൂര്യനും
രാപ്പൂചിരിക്കാത്ത രാത്രിയും
സ്വപ്നങ്ങൾ മായ്ച്ച നിലാവലയും

ഇനിയെങ്ങു പോവേണ്ടൂ
ഇടറുന്ന കാലുമായ്
ഇനിയാരെ കാണേണ്ടൂ
നിഴൽ വീണ കണ്ണുമായ്,,,,
താങ്ങാൻ ഒരു കൈ
അരികെയില്ലാതെ

എവിടെയാണെങ്കിലും
സുഖമായിരിക്കുക
യാത്ര തുടരുക ഒരു വേള
വഴി മറന്നിതു വഴിയും,,,

യാത്ര തുടരുക നീ ഒരു വേള
വഴി മറന്നിതുവഴിയും,,,,



# ശൂന്യം



കല്ല്യാണി

കവിത

മുടിയിഴകളിൽ ജഡ പിടിച്ചിരിക്കുന്നു
കണ്ണുകളിലെ തിളക്കം നഷ്ടമായി
ചുണ്ടിലെ പുഞ്ചിരി എന്നോ മാഞ്ഞിരിക്കുന്നു
ശരീരത്തിൽ ചുളിവുകൾ വീണു തുടങ്ങി
എനിക്കെന്റെ കൗമാരം നഷ്ടമായിരിക്കുന്നു

ഇന്നെനിക്ക് എഴുതുവാൻ ഒന്നുമില്ല
പറയുവാൻ ഒരുപാടുണ്ട്, കേൾക്കാൻ ആരുമില്ല
ശൂന്യമാണിന്ന് ഞാൻ വെറും നിഴലാണ്
വെളിച്ചം വരുമ്പോൾ മായുന്ന നിഴൽ

പ്രിയപ്പെട്ടതായി ഇന്നെനിക്കൊന്നുമില്ല
എനിക്കെല്ലാവരും പ്രിയപ്പെട്ടതായിരുന്നു
ഞാനാർക്കും പ്രിയപ്പെട്ടതല്ലായിരുന്നു
ഉറങ്ങുവാൻ ഒരുപാട് ഇഷ്ടമായിരുന്നു
ഇന്ന് ഉറക്കം നഷ്ടപ്പെട്ടിരിക്കുന്നു

ബലിക്കാക്കകൾ കാത്തിരിക്കുന്നു
ഇന്നെന്റെ പേരിൽ കൊടുക്കുന്ന ഒരുരുള ചോറിനു വേണ്ടി
ജീർണിച്ച ശരീരത്തിനായി കാത്തിരുന്ന്
മടുത്ത പുഴുക്കൾ മണ്ണിനടിയിൽ തല്ലു കൂടുന്നു

വീണ്ടും വീണ്ടും ഞാൻ ശൂന്യമാകുന്നു
ശബ്ദം കേൾക്കാനാവാതെ വെളിച്ചം
കാണാനാവാതെ പൊട്ടിച്ചിരി ഉയരാതെ

അർത്ഥശൂന്യമാണിന്നെന്റെ ജന്മം
ഒരുതുള്ളി വിഷത്തിനായി എത്തിനോക്കുന്ന കണ്ണുകൾ
ഒരു തുണ്ടു കയറിനായി കാത്തിരിക്കുന്ന
കഴുത്തും വീടിന്റെ കഴുക്കോലും
എങ്കിലും ശൂന്യമാണിന്ന് ഞാൻ വെറും ശൂന്യം

കഥ



# വേഷങ്ങൾ



രമ്യ രതീഷ്

**നീ**തി ദേവതയുടെ കറുത്ത കുപ്പായം അഴിച്ചു വെച്ച് ഒരു നിശ്വാസത്തോടെ വാസുകി, മുറിയിലെ ആൾകണ്ണാടിയിലേക്ക് നോക്കി.... ആ രൂപത്തിന് മറ്റാരുടെയോ ഛായപോലെ..... മനസിലെ കണ്ണാടി കൂട്ടിൽ നിന്നും ഒരു രൂപം കൈകൾ നീട്ടി തന്നോട് യാചിക്കുന്നതു പോലെ .......

പത്ത് പന്ത്രണ്ട് വർഷങ്ങൾക്കു മുമ്പ് കോളിളക്കം സൃഷ്ടിച്ച പൊന്നമ്മാൾ കൊലക്കേസിന്റെ കേസ് ഡയറി യാദൃച്ഛികമായാണ് തന്റെ കൈയിലെത്തിയത്. കൊലക്കുറ്റം ആരോപിച്ചു പോലീസ് അറസ്റ്റ് ചെയ്ത ശിവവേലു വെന്ന ഇരുപതുകാരൻ പന്ത്രണ്ടു വർഷമാണ് ജയിലിലെ ഇരുട്ടറയിൽ ജീവിതം ഹോമിച്ചതെന്നോർക്കുമ്പോ ... നെഞ്ചകം കത്തുന്നതു പോലെ.... തിരുവനന്തപുരം അതിവേഗത കോടതിയിൽ ഇരുപത് ദിവസം കൊണ്ട് പൂർത്തിയാകുമെന്നു കരുതിയ വിചാരണ നടപടികൾ വർഷങ്ങൾ എടുത്താണ് ഇന്ന് പൂർത്തിയായത്. ദൃക്സാക്ഷികളില്ലാതിരുന്ന കേസിൽ സാക്ഷി മൊഴികളുടേയും സാഹചര്യത്തെളിവുകളുടേയും അടിസ്ഥാനത്തിലായിരുന്നു വിചാരണ പൂർത്തിയാക്കിയത്.

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്ന നമ്മുടെ നീതിന്യായ വ്യവസ്ഥയിലെ വാചകങ്ങൾ .... ചാട്ടുളി പോലെ തനിക്ക് നേരെ തിരിയുന്നതു പോലെ... അതുകൊണ്ടാണ് സ്വന്തം റിസ്ക്കിൽ തന്നെ കേസ് വാദിച്ച് വേലുവിനെ നിയമക്കുരുക്കിൽ നിന്നും തനിക്ക് രക്ഷപ്പെടുത്താൻ കഴിഞ്ഞതും...

ജയിൽ മോചിതനായ വേലുവിന്റെ ദൈന്യമാർന്ന മുഖം... മനസിൽ നിന്നും പോകാതിടത്തോളം വാസവദത്തനെന്ന വാസുകിക്ക് മോചനമില്ല.

കബോർഡ് തുറന്ന് വൈനെടുത്ത് ഗ്ലാസിലേക്ക് പ

കർന്ന് കുറച്ചു കുറച്ചായി സിപ്പ് ചെയ്യുന്നതിനിടയിൽ ആരോ കോളിംങ്ങ് ബെല്ലടിച്ചു. ഓ..... അവനായിരിക്കും അരുൺ .നേർകാഴ്ച ന്യൂസ് ചാനലിന്റെ എഡിറ്റർ ,നല്ലവനാണ്.... സത്യസന്ധതയുള്ളവൻ കാഴ്ചകളെ നേരോടെ ജനങ്ങൾക്കു മുമ്പിൽ എത്തിക്കുന്നവൻ.

പൊന്നമ്മാൾ കൊലക്കേസിന്റെ നേരും പതിരും കീറി മുറിച്ച് ജനങ്ങൾക്കു മുന്നിൽ പരമ്പര പോലെ എല്ലാ ദിവസവും എത്തിക്കുന്നതിൽ വിജയിച്ചിട്ടുണ്ടവൻ, .കേസിന്റെ വിധി കേൾക്കുവാൻ മുൻപന്തിയിൽ തന്നെയുണ്ടാവും. പൊന്നമ്മാളിന്റെ കേസിൽ ആരുമറിയാതെ ഒളിഞ്ഞു കിടക്കുന്ന സത്യം അവനറിയണം അവനിലൂടെ ലോകമറിയണം അതിനാണ് 'അവനോട് വരാൻ പറഞ്ഞത്...

അരുൺ.., കമോൺ ഡീയർ ,,, ഡോർ ചാരിയിട്ടേ ഉള്ളു... അവർ വിളിച്ചുപറഞ്ഞു കൊണ്ട് ബാക്കിയുള്ള സോമരസം അപ്പാടെ വായിലേക്ക് കമിഴ്ത്തി.

മടിച്ചു മടിച്ചാണ് അരുൺ അകത്തേക്ക് ചെന്നത്. ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീയാണ് .അവർക്കും, തനിക്കും ചീത്തപ്പേരുണ്ടാവാൻ അധിക സമയമൊന്നും വേണ്ട. ഒരു പ്രാവശ്യം മാത്രമാണ് ഇവിടെ വന്നിട്ടുള്ളത് ... പൊന്നമ്മാളിന്റെ കേസ് വീണ്ടും റീ ഓപ്പൺ ചെയ്യുന്നു എന്നറിഞ്ഞപ്പോൾ.., അധികം സംസാരിക്കുന്നത് കണ്ടിട്ടില്ല. എപ്പൊഴുമുള്ള ഗൗരവത്തിനുമപ്പുറത്ത് ഒരമ്മയുടെ വാത്സല്യം കേസിൽ വിധി പറയുമ്പോൾ കണ്ടിട്ടുണ്ട്, അതോണ്ട് തന്നെ മനസിലവരോട് ,ആദരവും സ്നേഹവുമൊക്കെയാണ്. അകത്തേക്ക് ചെല്ലുമ്പോൾ കണ്ടു ... കണ്ണടച്ചിരിപ്പാണ് കയ്യിൽ ഡ്രിങ്ക്.... ഒരു മാത്രയവൻ അവിടെ നിന്നു.

മേഡം... പതിയെയുള്ള അരുണിന്റെ വിളിയിൽ വാസുകി കൺ തുറന്നു ... ആ... അരുൺ ..,വാടോ... എന്തേ അവിടെ തന്നെ നിക്കുന്നത്... അകത്തേക്ക് പോരു... ഇതൊക്കെ കണ്ട് അന്തിക്കേണ്ട ഞാൻ ഇങ്ങനെയൊക്കെയാണ്.

അരുൺ കഴിക്കോ..., കഴിക്കാതൊന്നും ഇല്ല..., ബട്ട് ഇപ്പൊ വേണ്ട..., എന്തിനാണ് എന്നോട് വരാൻ പറഞ്ഞത്. എന്തേ... പോവാൻ തിരക്കുണ്ടോ....എയ് അതല്ല..,, എന്നാ ഇരിക്ക്..... എനിക്ക് കുറച്ച് കാര്യങ്ങൾ നിന്നോട് പറയാനുണ്ട്. കുറച്ചല്ല കുറേയേറെ ... പൊന്നമ്മാൾ കേസ് പരമ്പര നാളെ കൊണ്ട് ക്ലോസ് ചെയ്യരുത്.. യഥാർത്ഥ കുറ്റവാളിയെ ജനതക്കു മുന്നിൽ തുറന്നുകാട്ടണം ,അതിന് നീയെന്റെ ഒപ്പം നിക്കണം.അതിന് കൊല ചെയ്തയാൾ ആരാണെന്ന് നമുക്കറിയില്ലല്ലോ മേഡം പിന്നെങ്ങെനെയാണ്....

സംശയിച്ചിരുന്ന ശിവ വേലുവിന് മേഡം തന്നെ നീതി വാങ്ങി കൊടുക്കുകയും ചെയ്തു. അരുൺ തന്റെ നിസഹായത തുറന്നു കാട്ടി....

എല്ലാത്തിനും മറുപടി എന്നോണം വൈൻ സിപ്പ് ചെയ്തു കൊണ്ടവർ ചിരിക്കുകയാണ് ചെയ്തത്.

രണ്ടു പേർക്കുമിടയിൽ നിശബ്ദത കളിയാടി .. അപ്പോഴാണ് അരുണിന്റെ ഫോൺ ശബ്ദിച്ചത്.ലൈനിൽ ചീഫ് എഡിറ്റർ ആണ് ... അത്യാവശ്യമായി ഒന്നു കാണണം..

അവന്റെ ഭാവത്തിൽ നിന്നും അത്യാവശ്യമുള്ള കോളാണെന്ന് വാസുകിക്ക് മനസിലായി ... അവരൊന്നും മിണ്ടാതെ അലമാരയിൽ നിന്നുമൊരു പൊതിയെടുത്ത് അവനു നേരെ നീട്ടി... ഇത് അർഹതപ്പെട്ട കൈകളിൽ എത്തിക്കണം... അത് നീ എത്തിക്കുമെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. ധൃതി പിടിച്ച് ഇപ്പോഴേ തുറന്നു നോക്കരുത്. രാത്രി എട്ടുമണിക്ക് ഫേയ്സ്ബുക്ക് പേജിൽ ഞാൻ ലൈവിൽ വരും.... അതിനു ശേഷം, അതിനു ശേഷം മാത്രം നീയിത് ഓപ്പൺ ചെയ്താൽ മതി.

മേഡത്തിന് എന്നോടെന്തോ സംസാരിക്കാനുണ്ടെന്ന് പറഞ്ഞിട്ട്... ഉണ്ട് പക്ഷേ അത് പിന്നീടാവട്ടേ... ഇപ്പോ താൻ പോയ്ക്കോളു... എനിക്കൊന്നു വിശ്രമിക്കണം.

കൂടുതൽ സംസാരത്തിന് മുതിരാൻ നിൽക്കാതെ ബാക്കിയുള്ള വൈൻ കുടിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധയെന്ന് മനസിലാക്കിയ അരുൺ പുറത്തേക്കിറങ്ങി.

ഡ്രൈവ് ചെയ്യുന്നതിനിടയിലും അവന്റെ ചിന്ത മുഴുവൻ അഡ്വക്കേറ്റ് വാസുകി ദത്തിന് ചുറ്റിലുമായിരുന്നു. കൂടുതൽ പരിചയമൊന്നും ഇല്ലെങ്കിലും അടുത്തറിഞ്ഞ നിമിഷങ്ങളിലെല്ലാം അവരൊരു പുലിയാണെന്ന് തോന്നിയിട്ടുണ്ട് മദ്രാസിലോ മറ്റോ ആണ്

പ്രാക്ടീസ് ചെയ്തതെന്ന് കേട്ടിട്ടുണ്ട് .കുടുംബവും ,ബന്ധുക്കളും ഒന്നും ഇല്ലെന്നാണ് തോന്നുന്നത്. ഉണ്ടെങ്കിൽ തന്നെ ആരെയെങ്കിലും കൂടെ കാണേണ്ടതല്ലേ...? വർഷമൊന്നാവുന്നു അവർ തിരുവനന്തപുരത്ത് വന്നിട്ട് അപ്പോഴേ കാണുന്നതാണീ ഏകാന്തവാസം പലപ്പോഴും ചോയിക്കണംന്ന് കരുതിയിട്ടുണ്ട് പക്ഷേ സ്വരത്തിലെ അടുപ്പമില്ലായ്മ അകൽച്ചയ്ക്ക് വഴിയൊരുക്കി ഓരോരുത്തർക്കും ഓരോരോരോ ജീവിതങ്ങൾ .

എന്തായിരിക്കും അവർക്ക് പറയാനുണ്ടായിരുന്നത്...., ഈ പൊതിയിൽ എന്താണാവോ...? അർഹതപ്പെട്ട കൈകളിൽ എത്തിക്കാനാണ് പറഞ്ഞത്, തുറന്ന് നോക്കിയാലോ...? ഛെ ..,അത് വേണ്ട.. തന്നെ വിശ്വസിച്ച് ഏൽപ്പിച്ചതാണ്.. വാക്കാണ് ഏറ്റവും വലിയ സത്യം എന്നല്ലേ.... ,ആഹ് പോട്ടെ രാത്രി എട്ടുമണിക്ക് ലൈവിൽ വരുമെന്നല്ലേ പറഞ്ഞത്.

വരട്ടേ..... ചാനലിന് മുതൽ കൂട്ടാവുന്ന എന്തെങ്കിലും പറയുമായിരിക്കും.

ആഹ്..., താനിത്ര പെട്ടെന്നിങ്ങ് എത്തിയല്ലോ..? ചീഫ് എഡിറ്റർ മനോജ്, അരുണിനെ കണ്ട് അൽഭുതത്തോടെ ചോദിച്ചു. സാറല്ലേ ... പെട്ടെന്നിങ്ങ് പോരാൻ പറഞ്ഞത്.... ആ..., ശരിയാണ്. നീ പോയ കാര്യം എന്തായി അഡ്വക്കേറ്റ് എന്തു പറഞ്ഞു. എന്ത് പറയാൻ അതിനിടയിൽ സാറിന്റെ വിളി വന്നില്ലേ..? പിന്നെയവർ സംസാരിക്കാൻ താൽപ്പര്യം കാണിച്ചില്ല. രാത്രി എട്ടുമണിക്ക് ഫെയ്സ് ബുക്കിൽ ലൈവ് വരുമെന്നും പറഞ്ഞു. പൊന്നമ്മാൾ കൊലക്കേസ് പരമ്പര പെട്ടെന്നങ്ങ് ക്ലോസ് ചെയ്യരുതെന്നും ,കൊലയാളിയെ ജനങ്ങൾക്കു മുന്നിൽ കൊണ്ടുവരണമെന്നും പറഞ്ഞു... എനിക്കു തോന്നുന്നത് അവർക്ക് കൊലയാളിയെ അറിയുമായിരിക്കും എന്നാണ് അത് വെളിപ്പെടുത്താനാവും ലൈവിൽ വരുന്നത്. ശരിയായിരിക്കും. .... ആ പൊതിയുടെ കാര്യം സൂചിപ്പിച്ചാലോ .., അല്ലെ വേണ്ട.. എല്ലാം കണ്ടറിഞ്ഞു കാണാം..

ചുരുങ്ങിയ മണിക്കൂറുകൾ കൊണ്ട് തന്നെ സോഷ്യൽ മീഡിയ ..,കോളിളക്കം സൃഷ്ടിച്ച പൊന്നമ്മാൾ കൊലക്കേസ് വാദിച്ച വാസുകി ദത്തിന്റെ ലൈവ് പ്രോഗ്രാം ഷെയർ ചെയ്തു കഴിഞ്ഞിരുന്നു.

എട്ടു മണിയാകുവാൻ ഇനിയും കുറച്ചു കൂടി സമയമുണ്ട്... ദൂരെയെവിടെയോ ഇലഞ്ഞി പൂത്തതുപോലെ,,,,, അതിന്റെ ഗന്ധം മറ്റൊരു അവസരത്തിലായിരുന്നുവെങ്കിൽ തന്നെ മത്തുപിടിപ്പിച്ചേനെയെന്ന് വാസുകി ഓർത്തു..... ഒരു ജനത മുഴുവൻ തന്റെ വാക്കുകൾക്ക് കാതോർക്കുവാൻ റെഡിയായിട്ടുണ്ടാവുമിപ്പോൾ .. കെട്ടിയാടിയ വേഷങ്ങളോരോന്നും ,അഴിച്ചു വെക്കേണ്ട സമയമായെന്ന് മനസിടക്കിടെ ഓർമ്മപെടുത്തുന്നതു പോലെ.... പതറരുത്, സത്യങ്ങളോരോന്നും.. ചങ്കുറ്റത്തോടെ വിളിച്ചു പറയേണ്ട നേരമായിരിക്കുന്നു..., കട്ടി കൂടി വരുന്ന കറുത്ത ഇരുട്ടിലേക്കവർ തുറിച്ചു നോക്കി... ഒന്ന് പൊട്ടിക്കരയണമെന്നുണ്ട്... പക്ഷെ കണ്ണീരു പോലും കനിയുന്നില്ലല്ലോ...? അപ്പോഴാണ് ഫോൺ റിംങ്ങ് ചെയ്തത് ,അരുണാണ്.. മേഡം നിങ്ങളെവിടെയാണ് എട്ടാവാൻ ഇനി കുറച്ച് മിനിറ്റുകൾ മാത്രമേ ഉള്ളു.

' അരുൺ ' താൻ പേടിക്കേണ്ടടോ..... കൃത്യ സമയത്തു തന്നെ ഞാൻ വരും .അതും പറഞ്ഞവർ കോൾ കട്ട് ചെയ്തു.

മുഖമമർത്തി തുടച്ചു കൊണ്ടവർ ലൈവ് ബട്ടൺ ക്ലിക്ക് ചെയ്തു .... പ്രതീക്ഷിച്ച മുഖം ലൈവിൽ കാണാതെ വന്നപ്പോൾ എല്ലാവരും പിറുപിറുക്കാൻ തുടങ്ങി..... അവരുടെ പിറുപിറുക്കലുകൾ അസ്ഥാനത്താക്കി കൊണ്ടവർ സംസാരിച്ചു തുടങ്ങി. എനിക്കറിയാം നിങ്ങളെല്ലാം കാത്തിരിക്കുന്നത് വാസുകി ദത്തിന് വേണ്ടിയാണെന്ന്.. അവരിനി വരില്ല. കാരണം.... പൊന്നമ്മാൾ കൊലക്കേസിൽ ശിവ വേലുവിനെ രക്ഷപ്പെടുത്തിയതോടെ വാസുകിയെ ഞാൻ കൊന്നു'...

കാര്യമെന്താണെന്ന് പിടികിട്ടാതെ അരുണും, മനോജും പരസ്പരം നോട്ടം കൈ മാറി... ഒന്നാലോചിക്കുവാൻ ഇട നൽകുന്നതിനു മുന്നേ.... അവരുടെ വാക്കുകൾ 'കാതിലെത്തി,

നിങ്ങളിപ്പോൾ കരുതുന്നുണ്ടാവും ഞാനാരാണെന്ന്.. ഞാൻ 'വാസവദത്ത് ' കൊല്ലപ്പെട്ട പൊന്നമ്മാളിന്റെ മകൻ അല്ല, മകൾ, അതുമല്ല

സ്ത്രീയോ പുരുഷനോ അല്ലാതെ മറ്റൊരു അസ്ഥിത്വത്തിൽ ജീവിക്കേണ്ടി വന്ന ഒ

രു മനുഷ്യ ജന്മം,, നിങ്ങളെന്തു വിളിക്കും എന്നെ 'ട്രാൻസ് ജെൻഡർ' അല്ലേ...

ഒന്നു ശ്വാസം വിടാൻ പോലും മറന്നു പോയ നിലയിലായിരുന്നു എല്ലാവരും .... കാരണം ആ വെളിപ്പെടുത്തലുകൾക്ക് അത്രയേറെ മൂർച്ചയുണ്ടായിരുന്നു.

എന്നെ എന്തു വിളിക്കും എന്നതിലല്ല കാര്യം ഞാനെന്തു ചെയ്തു എന്നതാണ് മുഖ്യം. നിങ്ങക്ക് എന്നെ പറ്റി എന്തറിയാം.. പൊന്നമ്മാളിന്റെ മരണത്തിന് ഒരു മാസം മുന്നേ .... നാടുവിട്ട് ഓടി പോയവൻ .അതിനു ശേഷം അവനെ ആരും തിരഞ്ഞതും ഇല്ല... സ്വന്തമായൊരു വ്യക്തിത്വം ഇല്ലാത്തവൻ. തന്തയാരെന്നറിയാതെ കുഞ്ഞുന്നാളിലെ..., നാട്ടുകാരുടെയും, കൂട്ടുകാരുടെയും, പരിഹാസത്തിന് പാത്രമായവൻ ..... അപ്പോഴൊക്കെയും നെഞ്ചിലൊരു അഗ്നികുണ്ഡം എരിയുകയായിരുന്നു.

ഉള്ളിലുള്ള മാറ്റങ്ങൾ പുറം ലോകത്തെ കാണിക്കാതെ ആൺകുട്ടിയെപ്പോലെ നടന്നു... ഡിഗ്രി കഴിഞ്ഞ് ഘഘആ ക്ക് ചേർന്നപ്പോൾ മനസിനൊരു ധൈര്യമായിരുന്നു എന്നിട്ടും കൊച്ചിലെ ചാർത്തി കിട്ടിയ പേര് മാത്രം മാഞ്ഞില്ല..... ഇഷ്ടപ്പെട്ട പെണ്ണിനു മുന്നിൽ മനസു തുറന്നപ്പോൾ അവൾ പോലും കളിയാക്കി. ആണും പെണ്ണും കെട്ട എന്നെ പോലൊരുത്തനെ സ്നേഹിക്കുന്നതിനേക്കാളും നല്ലത് മരിക്കുന്നതാണ് നല്ലതെന്ന്... അവിടെ തകർന്നു പോയി ഞാൻ... അന്നാദ്യമായി ഞാനമ്മയെ വെറുത്തു. സ്വന്തമായൊരു ഐഡി ഇല്ലാത്ത എനിക്കെന്തിന് ജന്മം നൽകിയെന്ന് ചോദിച്ചു. അവരുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ എന്നെ ഞെട്ടിച്ചു. ആണും പെണ്ണും കെട്ടവനായതോണ്ട് സമൂഹത്തിൽ ആരെയും പേടിക്കേണ്ടതില്ലല്ലോയെന്ന്..... കലിയായിരുന്നു മനസു മുഴുവൻ .... ഒരു നിമിഷം പെറ്റ തള്ളയാണെന്നു പോലും ഓർത്തില്ല..... പിടിച്ചൊരു തള്ളു കൊടുത്ത് ഓടിയതാണ് നാടുവിട്ട്.... ആ ഓട്ടത്തിൽ കൈയിലൊരു പാപക്കറ പുരണ്ടത് ഞാനറിഞ്ഞതില്ല... അതിന്റെ വിഴുപ്പു ഭാണ്ഡം മറ്റൊരുവൻ ചുമക്കുന്നതും....,

അറിഞ്ഞപ്പോൾ അതു കഴുകി കളയാനുള്ള ഓട്ടമായിരുന്നു പിന്നീടങ്ങോട്ട്.... ആരുമറിയാതെ ഒരു വട്ടം കൂടി ഞാൻ വീട്ടിലെത്തി ... സർട്ടിഫിക്കറ്റുകൾ എടുക്കാൻ..... പിന്നീട് പല തരം വേഷങ്ങൾ കെട്ടി പഠനം പൂർത്തിയാക്കി... സ്വന്തമായൊരു അസ്ഥിത്വമില്ലാത്തവന് മാനം നഷ്ടപ്പെടുമെന്നൊരു പേടി വേണ്ടല്ലോ...? പലരോടും പട പൊരുതി അഭിഭാഷക കുപ്പായമണിഞ്ഞപ്പോൾ മനസിൽ പ്രത്യേകിച്ച് ലക്ഷ്യമൊന്നും ഇല്ലായിരുന്നു.

പക്ഷെ തിരുവനന്തപുരത്തേക്കുള്ള എന്റെ യാത്രയിൽ ആകസ്മികമായാണ് പൊന്നമ്മാളിന്റെ കേസ് ശ്രദ്ധയിൽ പെട്ടത് ... ഞാൻ കാരണം ജീവിതം ഇരുളടഞ്ഞു പോയ ഒരു പാവം ചെറുപ്പക്കാരന്റെ മുഖം ..., മനസിൽ എല്ലാ വിധ കുറ്റബോധവും ഉളവാക്കി. എന്നെയാരും തിരിച്ചറിയാതിരിക്കാൻ പിന്നെയൊരു വേഷപ്പകർച്ചയായിരുന്നു.. വാസവ ദത്തിൽ നിന്നും, വാസുകിയിലേക്കുള്ള ഒരു കൂടുമാറ്റം'.

കുറ്റം ചെയ്യാത്തവനെ കുറ്റവാളി തന്നെ രക്ഷിച്ചെടുക്കുന്ന അപൂർവ്വമുഹൂർത്തം... ആ ഒരു നിമിഷത്തോടെ വാസുകിയെ ഞാൻ എന്നെന്നേക്കുമായി ഉപേക്ഷിക്കുന്നു..... ഇനി ശിക്ഷയാണ്... പൊന്നമ്മാളിന്റെ കൊലയാളിക്കുള്ള ശിക്ഷ ..... ആ ശിക്ഷ ദാ.. ഈ ഞാൻ തന്നെ നടപ്പിലാക്കുന്നു....

കെട്ടിയാടിയ വേഷങ്ങൾ സ്വയമഴിച്ചു വെച്ച് കുറ്റവാളിക്കുള്ള തൂക്കുകയർ സ്വയം കഴുത്തിലണിഞ്ഞു കൊണ്ട്

പൊന്നമ്മാളിന്റെ ഘാതകനുള്ള ശിക്ഷ അയാൾ നടപ്പിലാക്കി കഴിഞ്ഞിരുന്നു..... ഒന്ന് പിന്തിരിപ്പിക്കാൻ പോലും കഴിയാതെ ഒരു ജനത മുഴുവൻ ആ വധശിക്ഷക്ക് സാക്ഷ്യം വഹിച്ചു.

എല്ലാം കണ്ടു കൊണ്ട് തലയിൽ കൈ വച്ചിരിക്കാനേ... അരുണിനും, ന്യൂസ് ചാനലിനും കഴിയുമായിരുന്നുള്ളു.

ആ വധശിക്ഷയുടെ നേർക്കാഴ്ചയുടെ ഓളം മണിക്കൂറുകളോളം അവിടെ അലയടിച്ചു

... പിന്നീടെപ്പഴോ ആണ് അരുണിന് അവർ തന്നെ ഏൽപ്പിച്ച പൊതിയെ കുറിച്ച് ഓർമ്മ വന്നത്. അതിൽ അയാളുടെ അതുവരെയുള്ള സമ്പാദ്യം മുഴുവൻ ശിവ വേലുവിന്റെ പേർക്ക് എഴുതി കൊടുത്തുകൊണ്ടുള്ള ഡോക്യുമെൻറ്സ് ആയിരുന്നു. അയാൾക്കു വേണ്ടി അവനനുഭവിച്ച യാതനകൾക്കുള്ള പ്രായശ്ചിത്തം . ●

# വികാര നൗക



ജസ്ന ഖാനൂൻ

മഴ തോരും മുൻപേ
മനസ്സിലെ പേമാരി പെയ്തുവെങ്കിൽ.
അറിയാതെ
കൊഴിയുന്നൊരാത്മ-
ബന്ധങ്ങൾ
ഇനിയും
വിടരാതിരുന്നുവെങ്കിൽ.
രക്തബന്ധങ്ങൾ
ചോര ചീറ്റുന്നു..
ആത്മബന്ധങ്ങൾ
കത്തിയെരിയുന്നു..
ആർദ്രമാം
സ്നേഹമനാഥമായി
പെരുവഴിയിൽ
അലയുന്നു.
തിരയുന്നു അണയുന്നു.
നൊമ്പരമീ
സാഗരത്തിൽ
അലകളോടൊത്തൊ-
ഴുകി
ദിശയറിയാതെ
ദിക്കറിയാതെ
വികാരനൗകയിതാ
യാത്രയായി.
അനന്തമീ
വിഹായസ്സിൽ
അജ്ഞാതമാം
സത്യത്തെ തേടും
മേഘങ്ങളെപ്പോൽ
ഞാനും പറന്നലഞ്ഞു.



കവിത

# ആ കാക്കപ്പകലിൽ



നളിനി ഹരിദാസ്

കാറ്റിന്റെ കാണാച്ചിറകിലൂടെ
നമ്മളാദ്യം കാതറിഞ്ഞ നാളിൽ
എന്റെ കിളിവാതിൽപ്പടിയിലിരുന്ന്
കാക്കയുമാദ്യമായ് പാടി.

കാക്കപ്പാട്ടിലെ കിരുകിരുപ്പിലും
ഏതോ മധുരരാഗത്തിന്നടരുകളുണ്ടന്ന്
നീയന്നാണ് പറഞ്ഞത്.
കാക്കക്കറുപ്പിന്റെ മിനുമിനുപ്പിലും
കാതലായെന്തോ നീലിച്ചിട്ടുണ്ടെന്ന്
ഞാനന്നാണറിഞ്ഞത്.

മഞ്ഞച്ച ആ മേടപ്പകൽ തൊട്ട്
കാക്ക പിന്നെ നമുക്കു കൂട്ടായി .
നമ്മുടെ മൃദുഭാഷണത്തിന്റെ
കൈവരികളിലൂടെ കയറിയിറങ്ങി
കാക്ക പലതും പറഞ്ഞു.
നമ്മളും ചിലതറിഞ്ഞു.

നിലാവു പാൽ ചുരത്താത്ത ,
നക്ഷത്രങ്ങൾ കണ്ണുപൊത്തിക്കളിക്കാത്ത,
ഇടവരാത്രികളെ നീ പഴി പറഞ്ഞന്ന്
കാക്കയെന്നെനോക്കി ഒറ്റക്കണ്ണിറുക്കി.
മിഥുനക്കുളിരിൽ നീ മന്ദഹസിച്ചന്ന്
കാക്കയെന്തോ കുറുകിക്കുണുങ്ങി.

പിന്നെപ്പിന്നെ, പോകെപ്പോകെ,
കാറ്റിന്റെ ഗതിയും മാറി.
ഏതോ ആത്മാവിനു ശ്രാദ്ധമൂട്ടാൻ
നീ പിന്നെ യാത്രാമൊഴി ചൊല്ലി.
വാക്കിൻ ചെപ്പടച്ചു വെച്ചു നീയെന്നെ
മറവിതൻ താഴിട്ടു പൂട്ടി.

പെയ്തു തീരാനത്രയും കാർമുകിൽ,
കർക്കടകമെൻ കൺകളിൽ .
കണ്ടു കണ്ടേറെ ഖിന്നനായ്
കാക്ക പിന്നെ മൗനിയായ് .

ദൂരെയെങ്ങോ വാവുബലിതൻ
ഉരുളച്ചോറു കൊത്താൻ
കൈകൊട്ടിന് കാതോർക്കാനേതോ
എത്താക്കൊമ്പിൽ ചേക്കേറി, കാക്ക.

നിന്റെയൊച്ച കേട്ടു തിടം വെച്ച
എന്റെ കിളിവാതിൽപ്പടിയിൽ
ഇനിയും മായാത്ത കാക്കക്കാലിൻ പാട്.
ഞാനിപ്പോഴും ഇവിടെ ഒറ്റയ്ക്ക്.



കവിത

# ഭ്രാന്തില്ലാത്തവരുടെ നാട്



ഗീതാവിജയൻ

മൂലയിൽചാരി ഇരിക്കാത്ത പരമ്പരാഗത ഭ്രാന്തിയല്ലാത്തവൾ.
പിറുപിറുക്കലുകളില്ല, ചിരിയില്ല,
ചിന്തയും നിലവിളികളുമില്ല. സ്നേഹിക്കുന്ന ഹൃദയത്തിന്റെ
തീവ്രമായ പിടച്ചിലുകളില്ല
നോവിൻ ഞരക്കങ്ങളില്ല എങ്കിലുമവൾ ഭ്രാന്തിയാണ്.

ഉന്മാദത്തിന്റെ ഗതിവേഗങ്ങളിൽ
ആക്രോശത്തിന്റെ സ്വരം. ജീവനുള്ളശരീരം എന്നോർക്കാതെ
നരിച്ചീറുകൾ പോലെ വലംവയ്ക്കുന്ന
പകൽ മാന്യന്മാർക്കു നേരെ നീട്ടിത്തുപ്പി
അവൾ ഭ്രാന്ത് പുതയ്ക്കുന്നു.

രക്തബന്ധമെന്നോർക്കാതെ കണക്കു പറയുന്ന
നാണയത്തുട്ടുകളിൽ വ്യക്തിബന്ധം, മറന്നവർക്ക് നേരെ
അലറുന്നവളും ഭ്രാന്തി തന്നെ.

മനസ്സിന്റെ സമതലങ്ങൾ മറവിയിൽ മൂടുമ്പോൾ
ചിതറുന്ന പിരിമുറുക്കത്തിൽ
സ്വത്വം തിരയുന്നവളും ഭ്രാന്തിയാണ്.

പ്രസവിച്ച മക്കളെ തൊടാനാകാതെ
നിസ്സഹായയായ മാതാവിന്റെ
കടും ശാപങ്ങളാൽ ഗ്രസ്ഥ മായ
ജല്പനങ്ങളിൽഭ്രാന്തിയായവൾ.

മർദ്ദനങ്ങളുടെ, പീഡനങ്ങളുടെ,
കിരാത പർവ്വങ്ങൾ താണ്ടിയവൾ.
മുറിവുകൾ ശരീരത്തിനല്ല മനസ്സിൽ തന്നെയെന്ന ഓർമ്മ
പ്പെടുത്തലുകൾ. ഇല്ലാത്ത ഭ്രാന്തിന്റെ കഞ്ചുകമണിഞ്ഞ
ഇനിയൊരുതിരിച്ചുവരവില്ലാത്ത
ആഢ്യത്വതിന്റെ തുറിച്ചുനോക്കലുകളെ
വിവസ്ത്രയാക്കുന്നവളും ഭ്രാന്തി തന്നെ.

മനസ്സിലെ ചെറിയ ഊയലാട്ടങ്ങൾക്ക്
കടുത്തമരുന്നിന്റെ തീവ്രമയക്കങ്ങളിൽ
ഇവിടെഭ്രാന്തില്ലാത്തവരുടെ നാടായി
പാതി ചത്തമനുഷ്യരുടെ തലമുറയായി മാറുമ്പോഴും
ഹൃദയശൂന്യരായ ഒരുപറ്റം
വിഭ്രാന്തർ നമുക്കുചുറ്റും വളരുന്നില്ലേ??????



# അച്ഛൻ



സെയ്തലവി വിളയൂർ

വിശപ്പിന്റെ
നട്ടുച്ച വെയിലത്ത്
ഉദരം കത്തിയാളുമ്പോൾ
പിടിച്ചു തിന്നാനാ-
യൊന്നുമില്ലെങ്കിൽ മാത്രം
ഓർമകളിലിടം പിടിക്കുന്നൊരു
ഏകാന്ത ജീവിയാണച്ഛൻ..
ഉടുക്കാൻ
തരാതരം
ചേലകളൊത്തിരി -
യില്ലാതിരിക്കും നേര-
മോടിയെത്തുന്ന
സുന്ദര
സ്മരണയാണച്ഛൻ..
മാസ വാടക
ഒടുക്കാതിരിക്കുമ്പോ-
ളറുത്തു മാറ്റാൻ പോകുന്ന
കേബിളിൻ കവിളിലൂടെ
മുടങ്ങാനിരിക്കുന്ന
സീരിയലിൻ
കണ്ണു നീ-
രൊലിക്കുമ്പോഴാണ്
അച്ഛൻ
സ്നേഹ ചുംബനങ്ങളാൽ
മൂടപ്പെടുന്നത്..
അച്ഛനൊരു
യന്ത്രമാണ്..
വിശപ്പു തീർക്കുന്ന
ഉടുപ്പു തയ്ക്കുന്ന
വീടിനുള്ളിലെ
സ്വർണ്ണ ഖനികൾക്ക്
ഉറക്കമൊഴിച്ചും
കാവലിരിക്കുന്ന
വെറുമൊരു
യന്ത്രം..





# പിറന്നാളോർമ്മ

കവിത



രാജു കാഞ്ഞിരങ്ങാട്

അടുപ്പിൽ ചേരയാണ് വാസം
കവിതയുടെ നൃപന്
അറുതിയില്ലാത്ത വറുതി
വരുതിന്ന് വിറച്ചതാണ്
പിറന്നാളിന്റെയോർമ്മ

ഉത്സവപ്പറമ്പ്
എന്റെ കണ്ണീർക്കളം
നിറമുള്ള പീപ്പികൾ, ബലൂണുകൾ
കിട്ടാക്കനി

ഭൂതകാലത്തിന്റെ വിത്തിന്
വർത്തമാനമില്ലാതെ, മൂകം
ഭാവി തമം

കണികണ്ടെഴുന്നേറ്റത്
പൊട്ടാൻ വെമ്പുന്ന മാലപ്പടക്കത്തി-
ലേക്ക്
പൊട്ടിത്തെറിച്ചത് മോന്താഴത്തിലേക്ക്
അച്ഛനുള്ളതിനാൽ
വീട് വെണ്ണീറായില്ല

വെണ്ണീറായത് അച്ഛൻ
കത്തിയമർന്നത് എന്റെ സ്വപ്നങ്ങൾ

# ലാസ്റ്റ് ഓവർ



കഥ

സിബിൻ ഹരിദാസ്



മത്സരം അവസാന ഓവറിലേക്കെത്തി
ഇനി  എട്ട് റൺസ് കൂടി വേണം വിജയിക്കാൻ.
ആറ് പന്തുകൾ ബാക്കി.
ചുറ്റും ആകാംക്ഷ നിറഞ്ഞ മുഖങ്ങൾ.
പരസ്പരം ഒന്ന് നോക്കിയ ശേഷം അയാൾ ബൗളിംഗ് മാർക്കിലേക്കും,
അവൾ ബാറ്റിംഗ് എൻഡിലേക്കും നടന്നു.
അവൾ –
ലെഗ്സ്റ്റമ്പിന്റെ നേരെ ഒന്നുകൂടി ഗാർഡെടുത്തു.
പാഡുകൾ ശരിയാക്കി.
കൈയ്യിലെ ഗ്ലാസ്സുകളഴിച്ച് വിയർപ്പ് തുടച്ച് വീണ്ടുമണിഞ്ഞു .
പിന്നെ
ബാറ്റ് കയ്യിലിട്ട് ഒന്ന് കറക്കിയ ശേഷം പന്തിനായി കാത്തു നിന്നു.
അയാൾ –
ബൗളിംഗ് മാർക്ക് ഒന്നുകൂടി റെഡിയാക്കി.
ബോളിൽ വിയർപ്പ് തേച്ച് പാന്റിൽ നന്നായി ഉരച്ചു .
പിന്നെ പന്തുമായി  അവൾക്ക് നേരെ കുതിച്ചു .
ആദ്യ ബോൾ ഒരു ബൗൺസറായിരുന്നു.
ക്രീസിന്റെ മധ്യഭാഗത്തിന് തൊട്ട് മുൻപേ പതിച്ച ബോൾ
അവളുടെ തലക്കു മുകളിലൂടെ പറന്നു.
അവൾ മിഴിച്ചു നിന്നതേയുള്ളൂ.
രണ്ടാമത്തെ ബോൾ ഓഫ് സ്റ്റാമ്പിന് പുറത്ത് നിന്ന്
കുത്തി തിരിഞ്ഞ് വന്ന് അവളുടെ ബാറ്റിനരികത്തു കൂടെ
പാഞ്ഞ് പോയി.
ഫുൾ ലെങ്ങ്ത്തിൽ  വന്ന മൂന്നാമത്തെ ബോളിനെ ഒരു ഡിഫൻസ്
കളിച്ച് അവർ ഷോർട്ട് മിഡ് വിക്കറ്റിലേക്ക് തട്ടിയിട്ടു .
അടുത്തത് യോർക്കർ ആയിരുന്നു.
ഒരു വെളിപാട് കിട്ടിയ പോലെ അവൾ ഒരു സ്റ്റെപ്പ് മുന്നോട്ട് കയറി
അതിനെ പ്രതിരോധിച്ചു.

ബോൾ കാലുകൾക്കിടയിൽ ഒന്ന് കറങ്ങി നിന്നു.
ലെഗ് സൈഡിൽ വന്ന അഞ്ചാമത്തെ ബോളിന് നേരെ അവൾ കൃത്യതയോടെ ബാറ്റ് വീശി .
ലോങ്ങ് ഓൺ ഫീൽഡർ ഓടിയെത്തും മുൻപെ രണ്ട് റൺ സ്കോർ ബോർഡിൽ കുറിക്കപ്പെട്ടു .
കളി അവസാനത്തിലേക്കെത്തി .
ബാക്കിയുള്ളത് ഒരു ബോൾ .
വിജയിക്കാൻ ആറ് റൺസ് .
നിർണ്ണായക നിമിഷങ്ങൾ .
എന്തും സംഭവിച്ചേക്കാം .
അവർ പരസ്പരം ഒന്നുകൂടി നോക്കി.
അവൾ
ഗ്ലൗസ്സ് അഴിച്ചു.
പിന്നെ ഹെൽമറ്റ് ഊരി നെറ്റിയിലേക്ക് വീണ മുടിയിഴകളെ ഒതുക്കി വച്ചു .
വീണ്ടും റെഡിയായി മിഡിൽ സ്റ്റമ്പിൽ ഗാർഡെടുത്തു.
ബാറ്റ് ഒന്നുകൂടി കയ്യിലിട്ട് കറക്കിയ ശേഷം ചുറ്റും ഒന്ന് നോക്കി.
ഒന്ന് ശ്വാസം ആഞ്ഞ് വലിച്ച് അവസാന പന്തിയായി കാത്തു നിന്നു .
അവൻ
ബൗളിംഗ് മാർക്കിന് അപ്പുറത്തേക്ക് രണ്ട് അടി കൂടി നടന്ന് നെറ്റിയിലെ വിയർപ്പ് മുഴുവൻ പന്തിൽ തുടച്ചു .
പന്തിനെ ശക്തിയായി പാന്റിൽ ഉരച്ചു.
നന്നായി ഒന്ന് ചുമച്ച് രണ്ടു കണ്ണുകളെയും അപ്പുറത്തേക്കും , ഇപ്പുറത്തേക്കും പായിച്ചു .
വിക്കറ്റിലേക്ക് വലിയ ഒരു നോട്ടം നടത്തി .
പിന്നെ പതുക്കെ ഓടി തുടങ്ങി.
കുതിപ്പ് കൂടിക്കൂടി വന്നു.
വേഗതയുടെ ഉയരത്തിൽ നിന്നും ബോൾ നേരെ അവളിലേക്ക്.
ഒരു ഫുൾ ടോസ് .
കണ്ണുകൾ ഇറുക്കിയടച്ച് അവൾ ബാറ്റ് ആഞ്ഞ് വീശി.
പന്ത് നേരെ മുകളിലേക്ക് .
അവർ
ആകാശത്തേക്ക് നോക്കിയിരുന്നു...

ലേഖനം

# തടവറയിൽനിന്ന് തുറന്ന ലോകത്തിലേക്ക്



നിത്യലക്ഷ്മി എൽ.എൽ.

**അ**ച്ഛന്റെ അമ്മ പറഞ്ഞു കേട്ട കഥയാണ്, പണ്ട്, എന്ന് പറയുമ്പോൾ ഒരു എഴുപത് -എഴുപത്തഞ്ച് വർഷങ്ങൾ മാത്രം മുൻപ് വിവാഹത്തിനു മുൻപ് പെൺകുട്ടികൾ ഋതുവാകുന്നത് നാണക്കേടായിരുന്നുവത്രേ. വിവാഹത്തിനു മുൻപ് ഗർഭംധരിച്ചു എന്നതിനേക്കാൾ വലിയ ഒരു അപമാനമാകയാൽ, പെൺകുട്ടി ഋതുവായത് വരൻറെവീട്ടുകാരിൽ നിന്ന് മറച്ചു വച്ച് നടത്തിയ ചില വിവാഹങ്ങൾ ഒടുവിൽ സത്യമറിഞ്ഞ് വലിയ ബഹളത്തിൽ അവസാനിച്ചിട്ടുമുണ്ടത്രെ.ഇന്നാണ് ഇതെങ്ങാനും നടന്നിരുന്നതെങ്കിലോ! പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലംപ്രയോഗിച്ച് വിവാഹം നടത്താൻ ശ്രമിച്ചു എന്നത് ഉൾപ്പെടുന്ന വലിയൊരു പീഡനകേസിൽ മാതാപിതാക്കൾ ഉൾപ്പെടെ വലിയൊരു സംഘം ജയിലിൽ ആയേനെ, അല്ലേ!

പറഞ്ഞുവരുന്നത് അന്നിൽ നിന്ന് ഇന്നിലേക്കുള്ള മാറ്റത്തെക്കുറിച്ച് തന്നെ. യമനിലും മറ്റും ഇന്നും 10 വയസ്സുള്ള പെൺകുട്ടികളെ ധനമ്മുടെ നാട്ടിൽ അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ പ്രായംപ 30 വയസ്സുള്ള യുവാക്കൾക്കൊപ്പം വിവാഹം കഴിപ്പിച്ചു വിടുന്ന രീതിയിൽ നിലനിൽക്കുകയാണ്. അവിടങ്ങളിൽ പെൺകുട്ടികളുടെ വിവാഹപ്രായം 15 വയസ്സ് ആണെന്നത് നിയമപരമായി നിലനിൽക്കുന്ന അതേ കാലഘട്ടത്തിൽ തന്നെ ഇന്ത്യ പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടിൽ നിന്ന് 21 നിലയ്ക്ക് ഉയർത്തിയിരിക്കുകയാണ്. ഒരു സ്ത്രീയുടെ productive capacity എന്നത് പെറ്റുകൂട്ടൽ മാത്രമല്ലെന്നും ദേശീയ വരുമാനത്തിൽ അവർക്കും വളരെ വലിയ പങ്കു വഹിക്കാനാകുമെന്നും നമ്മുടെ രാജ്യം തിരിച്ചറിഞ്ഞു വരുന്നുണ്ട്, നല്ലതുതന്നെ ! 18 വയസ്സു മുതൽ ലൈംഗികബന്ധത്തിലേർപ്പെടുന്നത് കുറ്റകരമല്ലെന്നിരിക്കെ, പുതിയ നിയമം ലിവിങ് ടുഗതർ സംസ്കാരം വളർത്താനുതകുമെന്ന വാദം, മാറ്റങ്ങളോട് പൊരുത്തപ്പെടാൻ പ്രയാസമുള്ള മാനസികാവസ്ഥയുടെ പ്രശ്നമെന്ന് കാണാനെ ഈ സാഹചര്യത്തിൽ സാധിക്കുകയുള്ളൂ.

സ്ത്രീകളുടെയും പുരുഷന്മാരുടെയും വിവാഹപ്രായം തുല്യനിലയിൽ '21' വയസ്സ് എത്തിയിരിക്കുന്നത് സാമൂഹികമായി ഒരു പ്രശ്നം തന്നെയാണ്. ഒരേ പ്രായത്തിലുള്ളവരുടെ വിവാഹം വളരെ പെട്ടെന്ന് ഈഗോ മുതലായ പ്രശ്നങ്ങളിലൂടെ വിവാഹമോചനത്തിലേക്ക് എത്തുന്നതിന് പല ഉദാഹരണങ്ങൾ ഇപ്പോൾ തന്നെ നാം കണ്ടുകഴിഞ്ഞു. അതൊരു മനശാസ്ത്രപരമായ പ്രശ്നം എ



ന്നിരിക്കെ പെൺകുട്ടിയുടെ വിവാഹപ്രായം 21 വീണ്ടും 18ലേക്ക് എന്നാക്കുതിന് മുറവിളി കൂട്ടാതെ, ആൺകുട്ടികളുടെ വിവാഹപ്രായം 21 -ൽ നിന്ന് 24-ലേക്ക് എന്ന് ആവശ്യപ്പെടുന്നതല്ലേ എളുപ്പവും ഉചിതവും. അടുത്തതായി പലരും പറയുന്ന പ്രധാന പ്രശ്നം പെൺകുട്ടികളുടെ വിവാഹപ്രായം 21 ആകുമ്പോൾ രാജ്യത്ത് ബലാത്സംഗങ്ങളും പീഡനങ്ങളും വർധിക്കുമത്രെ. 17 മുതൽ ഇങ്ങോട്ട് അറുപതും എഴുപതും വരെ പ്രായമുള്ള പുരുഷന്മാർ പീഡന കേസുകളിലെ പ്രതികളാകുന്നത്, വിവാഹം കഴിക്കാൻ ആരെയും കിട്ടാത്തത് കൊണ്ടാണോ? ഡൽഹി 'നിർഭയക്കേസിലെ' പ്രതികളിൽ രണ്ടുപേർ വിവാഹിതരായിരുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. മാനസികവൈകല്യങ്ങളെയും മാനസികപ്രശ്നങ്ങളെയും ഉചിതമായ ചികിത്സാ-ശിക്ഷാ നടപടികളിലൂടെ മാറ്റുകയാണ് വേണ്ടത്. അല്ലാതെ ഈ പാവപ്പെട്ട സ്ത്രീകളെ അവരുടെ അസുഖങ്ങൾ മാറ്റാനുള്ള ലൈംഗിക ഉപകരണങ്ങളാക്കണം എന്ന് പറയുന്നതിലെ അർത്ഥമെന്ത്!

ഇത്രയൊക്കെ പറഞ്ഞതല്ലേ, ഇനിയൊന്ന് സാമ്പത്തികശാസ്ത്ര വശത്തേക്ക് കൂടി നോക്കാം. 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണ പ്രദേശങ്ങളുമായി നീണ്ടു നിവർന്നു കിടക്കുന്ന ഇന്ത്യൻ മഹാരാഷ്ട്രത്തിലെ സമ്പൂർണ സാക്ഷര സംസ്ഥാനമായിട്ട് കൂടിയും കേരളത്തിൽ ഇന്നും നൂറിൽ അറുപതു സ്ത്രീകളും ജോലികൾക്കായി കാര്യമായൊന്നും ശ്രമിക്കാതെ അടുക്കളക്കാരികളായി ഒതുങ്ങുന്നതിന്റെ ഒരു കാരണം 'വിവാഹാനന്തര പ്രാരാബ്ദങ്ങൾ' തന്നെയാണ്. ഭർത്താവിനേക്കാൾ തൂക്കവും ഒതുക്കവുമുള്ള സർട്ടിഫിക്കറ്റുകൾ ധാരാളം പെട്ടിയിൽ ഉണ്ടെങ്കിലും വൃദ്ധരെയും കുഞ്ഞുങ്ങളെയും നോക്കുക, കറിക്ക് ഉപ്പും ചായക്ക് മധുരവും കൂടാതെ നോക്കുക തുടങ്ങിയ കുഞ്ഞുകുഞ്ഞു പണികൾ അവളുടെ തലയിൽ നിക്ഷേപിച്ച്, കല്ലും മണ്ണും ചുമന്നെങ്കിലും കുടുംബം പോറ്റാൻ താനിറങ്ങി കൊള്ളാം എന്ന് കരുതുന്ന പാവം പിടിച്ച ഈ പുരുഷന്മാരുടെ വിശാലമനസ്കത കണ്ടില്ലെന്ന് നടിക്കരുത്. ഔാമി രമുശമേഹ അഥവാ മാനവവിഭവം വികസിത രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലുണ്ടെങ്കിലും അവയെ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തതു തന്നെയാണ് ഇന്ത്യയെ പോലൊരു വികസ്വരരാജ്യം നേരിടുന്ന പ്രശ്നം.

18 വയസ്സുവരെ ഒരു വിദ്യാർത്ഥിയെ പഠിപ്പിക്കാൻ സർക്കാർ ചെലവാക്കുന്ന തുക [ഒരു Economics ഭാഷയിൽ പറഞ്ഞാൽ Human Capital Development-ന് വേണ്ടി ഗവൺമെന്റ് നടത്തുന്ന Expenditure] പാഴാക്കി കൊണ്ടാണ് 100-ൽ അറുപതോളം വരുന്ന സ്ത്രീകൾ അടുക്കളയിൽ കഴിച്ചുകൂട്ടുന്നത്. പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടിൽ നിന്ന് 21 എന്നാക്കിയാൽ ഇതിൽ എന്ത് വ്യത്യാസം വരുമെന്ന് തോന്നിയേക്കാം. വിവാഹപ്രായം 18 വയസ്സാക്കിയപ്പോൾ പ്ലസ്ടു വരെയെങ്കിലും പഠിക്കാത്തവരുടെ എണ്ണം വിരളമായത് നമ്മുടെ കണ്മുന്നിലുള്ള വസ്തുതയെന്നിരിക്കെ, വിവാഹപ്രായം 21 വയസ്സാക്കുമ്പോൾ കൂടുതൽ പഠനസാധ്യതകളും തൊഴിൽ സാധ്യതകളും തേടുന്നവരായി പെൺകുട്ടികൾ മാറും എന്നതിൽ സംശയമെന്ത്. ഒരുപക്ഷേ, ബിരുദം, ബിരുദാനന്തര ബിരുദം,എംബിബിഎസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് പോകാൻ സാമ്പത്തികവും മാനസികവുമായ പ്രശ്നങ്ങൾ അനുവദിക്കാത്തവരുണ്ടായിരിക്കാം, എങ്കിലും ആഗോളവത്കരണം വഴി തുറന്നിട്ട ഓൺലൈൻ വിപണനത്തിന്റെ വലിയ സാധ്യതകൾ തികഞ്ഞ നോക്കാനെങ്കിലും അവർ പര്യാപ്തരാകുമെന്നതുറപ്പ്.



18-ൽ നിന്ന് 21-ലേക്ക്, മൂന്ന് വർഷം കൊണ്ട് എന്ത് വ്യത്യാസം ഉണ്ടാകാനാണ് എന്ന് ചിന്തിക്കരുതേ, ഒരു ദിവസം കൊണ്ട് ലോകത്തിന്റെ ഗതിവിഗതികൾ തന്നെ മാറ്റി മറിച്ച കൊറോണാഭീകരൻ തൊട്ടടുത്ത് നിൽക്കുമ്പോൾ!

കഥ

# അടിവേരറ്റവർക്ക് ചോലവിരിച്ചവൻ



റസിയ പയ്യോളി



**അ**തിരാവിലെ അങ്ങാടിയിലേക്ക് കട തുറക്കാനുള്ള എന്റെ യാത്ര എന്നും തിരക്കുപിടിച്ചതാണ്.എല്ലാം ഒരുക്കി വെക്കുന്ന ജീവിതത്തിലാണല്ലൊ തിരക്ക്.അച്ചനേയും അമ്മയേയും പുൽകി വീട്ടിൽ നിന്നിറങ്ങിയാൽ ഓട്ടമാണ്.ആരുമായും സംസാരിക്കാൻ നേരമുണ്ടാവില്ല.അങ്ങനെയാണ് ഇടയ്ക്ക് വൃന്ധരായ 2 പേർ റോഡരികിലൂടെ പതിവായി നടക്കുന്നത്കാണാനിടയായത് ഒന്നൊ രണ്ടൊ ദിവസമല്ല തുടർച്ചയായി.. കാഴ്ചയിൽ എനിയ്ക്കവരിൽ എന്തൊ വേദന മണത്തു.അതെന്റെ മനസിൽ വല്ലാതെ തങ്ങി നിന്നു.

ഞാൻ അങ്ങനെയാ..

ദേശീയപാതയിലെ തിരക്കു പിടിച്ച യാത്രയ്ക്കിടയിൽ അക്കാര്യം ഓർമ്മ വരുന്നതും അവരെ കാണുന്നതും ഒരേ സമയം

ഈശ്വരാ..

യുക്തിഭദ്രമായി എല്ലാം ചോദിച്ചറിഞ്ഞ് അവരെ രക്ഷിക്കണം.റോഡ് കടന്ന് ഒരു പെട്ടികടയുടെ മുന്നിലെത്തിയപ്പോൾ തൊട്ടു മുന്നിലെ മരചുവട്ടിൽ കൗതുകത്തോടെ മുകളിലോട്ട് നോക്കി നിൽക്കുന്നു അവർ.അവരെ കാണാനാഗ്രഹിച്ച എന്റെ മനസ് പോലെ എന്ന് വേണം പറയാൻ..

വൃന്ധന്റെ കൈയിൽ ഊന്ന് വടിയുണ്ട്. ഒപ്പമുള്ള സ്ത്രീ പ്രിയപ്പെട്ട ഒരാളെ പോലെ അദ്ദേഹത്തെ ചേർന്ന് നിൽക്കുന്നു.

‘എനിയ്ക്ക് അതൊരു വാർധക്യത്തിന്റെ പ്രണയകാഴ്ചയായി അത്രയ്ക്ക് ചേല്.‘എന്തൊക്കെയൊ നിരാശകൾ അങ്ങനെ പലതും അവരുടെ മുഖത്ത് ലേപനം ചെയ്ത് വെച്ചിരിക്കുന്നു എന്ന് ചുരുക്കം കിലോമീറ്ററുകൾ അപ്പുറത്തൊക്കെ അവർ നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട് ബൈക്ക്റോഡരികിൽ നിർത്തി ഞാൻ അടുത്തേക്ക് ചെന്നു.നോക്കി ചിരിച്ചപ്പോൾ വൃന്ധനും ചിരിച്ചു.ഒരു ചിരിക്കായി കാത്തിരിക്കും പോലെ ഞാനൊന്ന് സംസാരിചോട്ടെ?

‘പിന്നെന്താ മക്കളെ മ്മളൊക്കെ അങ്ങനെ ജീവിച്ചോലല്ലെ. മിണ്ടിപറേലല്ലെ ഏറ്റവും നല്ല സ്നേഹം‘

നല്ലോണം മിണ്ടിപറഞ്ഞാൽ എന്താ മനസിന്റെ സന്തോഷം വൃദ്ധൻ നിർത്താതെ പറഞ്ഞു.എന്റെ സാന്നിധ്യം കൊണ്ട് അപ്പഴേക്കും മുന്നിൽ മൂടി കെട്ടിയ കാർ മേഘത്തെ കാറ്റ് തട്ടിമാറ്റി കഴിഞ്ഞിരുന്നു.

അയ്യോ എനിക്കത് കേട്ടപ്പോൾ വല്ലാത്ത സന്തോഷം തോന്നി. അച്ചനെ തോന്നിപോയി. ഞാനാഗ്രഹിച്ച മനുഷ്യരാണിവർ. അല്ലെങ്കിലും അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയാൽ കണ്ണെ ടുക്കാൻ തോന്നില്ല വല്ലാത്ത തിളക്കം വാർധക്യത്തിന്റെ ചുളിവീണ മുഖത്ത് നിസ്കാരതഴമ്പ് നിറവാർന്ന ചിരി എല്ലാം കൂടി നല്ല രസായിരുന്നു.

ഞാൻ വീണ്ടുംചിരിച്ചു.എന്റെ ചിരിയുടെ

ലാവണ്യം കൊണ്ടോ അതല്ല ഞാൻ നല്ലൊരു മനുഷ്യനാണെന്ന് ബോധ്യപ്പെട്ടത് കൊണ്ടോ എന്താണെന്നറിയില്ല രണ്ട് പേരും നിറഞ്ഞ ചിരിയാലെ എന്റെ മുന്നിൽ അഭിമുഖത്തിനെന്ന പോലെ നിന്നു.അതെനിക്കുണ്ടാക്കിയ സന്തോഷത്തിനതിരില്ല നല്ല അടയാളം കണ്ട് ഇവരെ പറ്റി അറിയാനുള്ള ആവേശം മനസിൽ തിരയായ് പതച്ചുയർന്നു.പ്രായാധിക്യം വരുത്തുന്ന ബലഹീനത അങ്ങനെ ഒന്നും അവരെ ബാധിച്ചിട്ടില്ല അത്രയ്ക്ക് ഊർജസ്വലർ

അവരുടെ ദേഹം വിയർപ്പിൽ കുളിച്ചിരിക്കുന്നു.അത് ഞാൻ പ്രത്യേകം നിരീക്ഷിച്ചു..കാരണം മണി ഏഴ് പോലും ആയിട്ടില്ല

എന്താമോന്റെപേര്?

സൂര്യാഗോപൻ..അതൊരു പേരു് ചോദിക്കലാണെങ്കിലും ഹൃദയസ്പർശിയായ അനുഭൂതിയായി മാറി എനിയ്ക്കത്. ഉപ്പായുടെ വീട് എവിടെയാ?

വീടങ്ങ് കടുവ മുക്കിൽ അപ്പൊ അത്രവലിയ ദൂരമില്ലല്ലൊ

എനിക്കറിയേണ്ടത് ഈ യാത്രയെ കുറിച്ചാണ്.എങ്ങോട്ടാ

ദിവസവും ഈ നടത്തം?

കൂടുതൽ മുഖവുരകളൊന്നുമില്ലാതെയുള്ള എന്റെ ചോദ്യം?? അപ്പഴേക്കുംമുഖത്തെ പ്രസരിപ്പ് കുറഞ്ഞു തുടങ്ങി.അവർ മുഖാമുഖം നോക്കി അതായത് അതിനുള്ള മറുപടി പറയാൻ അവരിഷ്ടപ്പെടുന്നില്ലെന്ന് ചുരുക്കം. ഇവർ തിരസ്കരിക്കപ്പെട്ടവരാണ് എനിയ്ക്ക് ബോധ്യമായി.

എന്താ ആലോചിക്കുന്നത്?

അൽപ നേരം നിശബ്ദരായിരുന്ന അവർ..

'അത് പിന്നെ ഇങ്ങനെ നടക്ക്ന്നതൊരു സുഖല്ലെ പിന്നെ നടക്കണോന്നല്ലെ പറേന്നതും'

എന്റെ വായടപ്പിക്കാനുള്ള പൊട്ടൻ മറുപടിയാണെങ്കിലും ഈ പാവങ്ങളോട് തുടർന്ന് ഒന്നും ചോദിക്കുന്നത് ശെരിയല്ല എന്നെനിയ്ക്ക് തോന്നി.പെട്ടെന്ന് ഒരു ടുവീലർ ഞങ്ങൾക്ക് മുന്നിലേക്ക് വന്നു അദ്ദേഹം വൃദ്ധനോട് സലാം പറഞ്ഞു ശേഷം അയാൾ എന്നെ നോക്കി ചിരിച്ചു.

അബ്ദുക്കാ ഹാഫിസിന് എങ്ങനെയുണ്ട്?

മാറ്റോണ്ട് രണ്ട് ദിവസം ഞാൻ ഉറങ്ങീല്ല.

പൈസ കൊടുത്ത് അദ്ദേഹം പോയി.പൈസ കിട്ടിയപ്പോൾ അവരുടെ കണ്ണുകൾ മുകളിലോട്ടുയർന്നു.

യാ അള്ളാ എന്നും വിളിച്ചു ഒപ്പം എന്തൊ അറബിയിലും പറഞ്ഞു.എന്റെ കൂടെ ഹോട്ടൽ പണിയെടുത്ത സഹദേവന്റെ മോൻ പ്രസാദാ.അത് പ്രവാസിയാ അവനെ നോക്കി പറഞ്ഞു.ഈ കാഴ്ച എനിയ്ക്ക് അതിലും വലിയ സന്തോഷംതന്നു.

ആരാ ഹാഫിസ്? എന്റെ ഒരേ ഒരു മോൻ.ഓനങ്ങ് ദുബേലാ കുടുംബത്തോടെ.

അപ്പൊ കൂടെ ആരുണ്ടാകും ?

'പടച്ചോൻ'..

യാത്രയെ കുറിച്ചുള്ള എന്റെ ചോദ്യത്തിന് മറുപടി കിട്ടാത്തതിൽ ഞാൻ ശങ്കിച്ചു.എനിയ്ക്ക് വിഷമമായി അതിനുള്ളിൽ കിടക്കുന്നത് ദുസ്സഹമായ വേദനയാണെന്ന് ഞാനുറപ്പിച്ചു.

പറയാനാഗ്രഹിച്ചിട്ടും കഴിയാതെ ചതഞ്ഞരഞ്ഞ വാക്കുകളുടെ കൂമ്പാരം അവർക്ക് മുന്നിൽ..

ഞങ്ങൾക്കിടയിലുണ്ടായ സന്തോഷം ആ ചോദ്യത്തോടെ നിലച്ചല്ലൊ അല്ലെങ്കിൽ എന്നും ഊഷ്മള സ്നേഹം പകരാനാഗ്രഹിക്കുന്ന ഞാൻ.ഞാനാകെ വല്ലാതായി എന്നെ ദൈന്യതയോടെ നോക്കി പോക്കറ്റിൽ നിന്ന് രണ്ട് മിഠായിയെടുത്ത് എനിയ്ക്ക് നീട്ടി.ഞാനത് ആവേശത്തോടെ വാങ്ങി ഒരെണ്ണം അപ്പതന്നെ നുണയ്ക്കാൻ തുടങ്ങി കാരണം അതിനെക്കാൾവിലപിടിപ്പുള്ള ഒരു ചോക്ലേറ്റും എനിക്കീ ഭൂമിയിലില്ല. തുടർന്ന് എന്തെങ്കിലും ഞാൻ ചോദിക്കുമോ എന്ന ഭീതി അവർക്കുള്ളിൽ

അപ്പഴേക്കും എനിയ്ക്ക് ചില സംഗതികൾ മനസിലായി തുടങ്ങി. നേരം ഏഴ് കഴിഞ്ഞു മോനെങ്ങോട്ടാണ് പോക്ന്നത്?? തുടർന്നുള്ള എന്റെ ചോദ്യം അവസാനിപ്പിക്കാനാണെന്ന് മനസിലായപ്പോൾ ഞാൻ ഒരു സൂപ്പർ മാർക്കറ്റ് നടത്തുന്നു.ബാക്കി കൂടി പറഞ്ഞ് തീരുംമുമ്പ്

അള്ള എന്നാ പിന്നെ സൂര്യ വേഗംപൊയ്ക്കൊ.ആ സൂര്യ വിളി വീണ്ടും കേൾക്കാൻ മാത്രം കൊതിപ്പിക്കുന്നതായിരുന്നു.

എന്നെ ശങ്കു എന്നാണ് വീട്ടിൽ വിളിക്കുന്നത്.പെട്ടെന്ന് ശങ്കു എന്ന് വിളിച്ച് എന്റെ കൈയിൽ പിടിച്ചു. എത്രയോ ആളുകൾ നടന്നു പോയ വഴിയിൽ ആകെ ഞങ്ങൾക്കടുത്ത് വന്ന ഒരാൾ എന്ന സന്തോഷമായിരുന്നു അതിന് പിന്നിൽ.അപ്പഴേക്കും ഞങ്ങൾക്കിടയിൽ ഒരു സ്നേഹകടൽ രൂപം കൊണ്ട് കഴിഞ്ഞിരുന്നു.

മനുഷ്യത്വം എന്ന മഹനീയ പദവിയാണ് തിരക്കിനിടയിലും എന്നെ ഇവിടെ പിടിച്ചു നിർത്തിയത് എന്ന ബോധ്യം എന്നെ ഇതിനിടയിലും കൂടുതൽ കർമ്മനിരതനാക്കി കൊണ്ടിരുന്നു.

പാവം ഉമ്മ ഉമ്മ എല്ലാം കേട്ട് നിൽക്കുന്നു.ഉമ്മയുടെ ചിറ്റിയിട്ട പുള്ളിതട്ടം മാറത്ത് സുരക്ഷിതമായി കിടന്നു.അവരുടെ കുലീനത തിളക്കമറ്റതാണ്.അലിക്കത്തിലെ പാറ്റകളൊക്കെ കൊഴിഞ്ഞു പോയിരുന്നു റിംങ് മാ

ത്രം.കമ്മൽ ആകെ പഴകി ദ്രവിച്ച പോലെ കൂപ്പായത്തിന്റെ കൈയിൽ നല്ലോണം ചുളിവീണിരുന്നു,.വയസായിട്ടും തിളക്കമുള്ള ഉമ്മയുടെ അവിടവിടെ വെത്തിലകറയുള്ള പല്ലുകൾ കാട്ടിയുള്ള ചിരിയ്ക്ക് പെരുത്ത് മൊഞ്ചായിരുന്നു ഉമ്മചിരിയ്ക്കുമ്പോൾ തോന്നും ജീവിതത്തിൽ ഒരു തെറ്റും ചെയ്യാത്ത മനുഷ്യനെ പോലെ എന്ന്.സത്യത്തിൽ ഇതിനിടയിലും ഞാനതൊക്കെ ശ്രദ്ധിച്ചു.ഞാൻ അങ്ങനെയാ നല്ല മനുഷ്യരല്ലാത്ത ആരെയും കാണുന്നതെനിക്കിഷ്ടമല്ല.എന്റെ ചോദ്യത്തിന് മറുപടി തരാതെ സംസാരം വഴി മാറ്റിയല്ലോ എനിയ്ക്ക് നിരാശയായി... യാത്ര പറഞ്ഞു ഞാൻ വണ്ടിക്കടുത്തേക്ക് നടന്നു.സ്വന്തം മാതാപിതാക്കളുടെ അടുത്ത് നിന്നും യാത്ര പറഞ്ഞ് പോകുന്ന മകനായിരുന്നു ഞാനപ്പോൾ

ഈശ്വരാ..... എന്തൊക്കെയൊവേദനകൾ എന്നോട് പറയാനുള്ള അവരുടെ മനസ് എനിയ്ക്ക് കാണാൻ കഴിഞ്ഞു എന്നിട്ടും എന്താ അവർ മടിക്കുന്നത് /ഞാൻ ആകെപാടെ വല്ലാത്തൊരു പിരിമുറുക്കത്തിൽ

തിരിഞ്ഞു നോക്കിയപ്പോൾ മോനെ എന്ന് വിളിച്ച് വൃദ്ധൻ കൈ നീട്ടി അടുത്തേക്ക് വന്നു.ഏകാന്തതയുടെ കൈപ്പുനീർ കുടിച്ച് ജീവിതം തള്ളിനീക്കുന്നവരാണിവർ.എന്റെ കണക്കുകൂട്ടലുകൾ ശെരിയായി തുടങ്ങി.എന്റെചോദ്യത്തിന് മറുപടി പറയാത്തതിൽ അവർക്ക് വിഷമമുണ്ട് അങ്ങനെചില മന:ശ്ശാസ്ത്രം എനിക്കറിയാം.

അറിയാതെ മരുഭൂമിയിൽ എത്തിപ്പെടുന്ന മനുഷ്യൻ എങ്ങോട്ടാ നടക്കുക?

ചോല ഉള്ളിടത്തേക്ക് അദ്ദേഹത്തിന്റെ ചോദ്യത്തിന് മണി മണിയായിരുന്നു എന്റെ ഐഎഎസ് മറുപടി.ഇവരുടെ ജീവിതത്തിൽ ആരുടെയൊക്രൂരതയുടെ കൈ കടത്തലുകൾ സംഭവിച്ചിരിക്കുന്നു വഴികളിൽ കല്ലും മുള്ളുമാണ്. ഞാനുറപ്പിച്ചു.ആരോടൊക്കെയൊ ഉള്ള ദേഷ്യവും സങ്കടവും അവരുടെ മുഖത്ത്.

പ്രതികൾ ആരായിരിക്കും?

മകനായിരിക്കുമൊ?ആയിരിക്കും പടച്ചോൻ എന്ന വാക്ക് അത് ശെരിവെക്കുന്നു.അത് എന്നോട് മാത്രമുള്ള ചോദ്യവും ഉത്തരവുമാണ്.റോഡിനപ്പുറത്തെ തിങ്ങി നിറഞ്ഞു കിടക്കുന്ന കൂറ്റൻ വൃക്ഷങ്ങളിലേക്ക് കൗതുകത്തോടെ നോക്കി അദ്ദേഹം പറഞ്ഞു..

എന്തൊരു സുഖാ ശങ്കൂ..ല്ലേ?

അതെ ഞാൻ തലകുലുക്കി..

മരങ്ങൾ മുറിച്ചു മാറ്റുന്ന ഒരോ മനുഷ്യനും അതിന്റെ ജീവന്റെ പിടച്ചിലറയണം ഒപ്പം ചൂണ്ടുവിരലും നീണ്ടു.അത് പറഞ്ഞതിനുള്ളിൽ കാര്യമായ എന്തൊ സംഗതി കിടക്കും പോലെ.

അതെ കണ്ണെടുക്കാൻ തോന്നുന്നില്ല ഞാൻ പറഞ്ഞു.

ഇതൊക്കെ എന്ത് കഷ്ഠപ്പെട്ടാണ് ഈ പരുവത്തിലാക്കുന്നത്.

വിത്തിട്ട് വെള്ളമൊഴിച്ച് മുളപ്പിച്ച് മരമായി അയിന്റെ ചോട്ടിൽ ചോലതേടി എത്തുന്നോരും പക്ഷികളും അങ്ങനെ അങ്ങനെ.. ഭൂമിയ്ക്ക് കുടയായി

ഇത് വിവരിക്കുമ്പോൾ എനിയ്ക്ക് ചിലതൊക്കെ ബോധ്യപ്പെടുകയായിരുന്നു

'പുതിയ തലമുറക്ക് ഇതൊന്നും വേണ്ട മോനെ വിരൽ തുമ്പിൽ ദുനിയാവ് കണ്ടാൽ മതി

ഒരു പടിഞ്ഞാറ്റെ പൊരകാണാൻ കൊതിയാകുന്നു ശങ്കൂ'

കടുത്ത പ്രതിഷേധം വിളിച്ചറിയിക്കുന്ന കണ്ണുകൾ.

ഇരു കവിളുകളിലൂടെ ഒലിച്ചിറങ്ങുന്ന വിയർപ്പിന്റെ പ്രവാഹം എന്നെ ഞെട്ടിച്ചു.ഇത് കണ്ണീരായിരിക്കുമൊ? അങ്ങനെയും സംഭവിക്കാമല്ലൊ എന്താ ഇങ്ങനെ വിയർക്കുന്നത് മണി എട്ട് പോലുമായില്ല??

ഞാൻ നല്ലൊരു കർഷകനാണല്ലൊ ഭൂമിയ്ക്ക് ഒരു പാട് കുട ചൂടിയ മന്നൻ സ്വന്തം ദേഹം തൊട്ട് പറഞ്ഞു ചിരിച്ചു.അത് പറഞ്ഞത് വലിയ ആത്മസംതൃപ്തിയോടെയായിരുന്നു

ഓ..അത് ശെരി എന്നാൽ

'ഒരു കർഷകന്റെ മണം നേരത്തെ അടിച്ചു.'വാക്കുകളില്ലാതെ പൊട്ടി ചിരിയായിരുന്നു ആ പാവം മനുഷ്യൻ.വാസ്തവത്തിൽ അതൊരു തമാശയായിരുന്നില്ല എനിയ്ക്ക് അങ്ങനെ ചില തോന്നലുകളുണ്ടായി.

എന്ത് മണാ അടിച്ചത് ?

എന്റെ തമാശ അത്രയ്ക്കങ്ങ് ഇഷ്ടപ്പെട്ട ചോദ്യം?

പറങ്കിമാവ്/വേപ്പ് /നെല്ലി /മഹാഗണി/ പ്ലാവ്/സപ്പോട്ട/ദെയ് നാമ്പഴം/പേരക്ക/ ചക്കപ്പഴം/ഫാഷൻ ഫ്രൂട്ട്/ മുസ്സമ്പി/അങ്ങനെ പലതിന്റെയും മണം.

ശങ്കു നല്ല രസികനാണല്ലൊ അപറഞ്ഞതെന്തായാലും പെരുത്തിഷ്ടായിഎന്ന് പറഞ്ഞ് ഉമ്മയും ചിരിച്ചു.

ഞാൻ വലിയ മനപ്രയാസത്തിലാ മോനെ?

നിക്ക് ഒറ്റ മോനേ ഉള്ളൂ ഹാഫിസ് പെട്ടെന്ന് വാക്കുകൾ മുറിഞ്ഞു ഊർന്നു പോയ മഫ്ളോർ നേരെയാക്കി ഒന്ന് മുഖം കുലുക്കി ബാക്കി പറഞ്ഞില്ല.എന്തായിരിക്കും മുഴുവൻ പറയാൻ മടിക്കുന്നത്.

താരപറമ്പിൽ നൂറ് പറങ്കിമാവ് ഒറ്റയ്ക്ക് നട്ട് പിടിപ്പിച്ച ആളാ എന്റെ പ്പൂപ്പൻ ചേലിയകുന്നിലെ കേശവൻ കമ്മൾ.ഇത് കേട്ട

പ്പോൾ രണ്ടടി മുന്നോട്ട് നീങ്ങി മണ്ണിലേക്ക് നോക്കിയുള്ള കടുത്ത ആലോചനയായിരുന്നു.

'മണ്ണിനോട് കഥ പറയുന്ന സ്നേഹ സ്വരൂപനായ കർഷകന്റെ കഥ ഓർമ്മയിൽ തിളങ്ങി'.സത്യത്തിൽ കഥ പറയാൻ പുതുതലമുറയേക്കാളും നല്ലതും അവരാണ്.

ശങ്കൂ... നിറയെ എണ്ണിയാൽ തീരാത്ത പലതരം വൃക്ഷങ്ങളുള്ള അര ഏക്കറേലാ മ്മളെ വീട്.ഉമ്മയെ നോക്കി കൈയിലെ വടി തൊട്ടടുത്ത മതിലിൽ ചാരി വെച്ച് ദെസ് ബീ മാല കീശയിലിട്ട് കൈമലർത്തി.ഇന്ന് പുൽക്കൊടിപോലുമില്ലാത്ത തരിശ് ഭൂമി പച്ചപ്പില്ലാതെ എന്നെ നോക്കി കരയുന്നു.ഞാൻ കൊതിച്ചു പോയി മോനേ നിർത്താതെ പറഞ്ഞു..

മുഖം മേഘാവൃതമായി കഴിഞ്ഞു.

വെച്ച് പിടിപ്പിക്കാനാ പാട് മുറിച്ച് മാറ്റാൻ എളുപ്പാ

കണ്ണ് നിറഞ്ഞെങ്കിലും പതറിയ മനസിനെ തട്ടിമാറ്റി മനോബലത്തോടെ മുണ്ട് മുറുക്കിയുടുത്ത് നിന്നു.ബാക്കി കൂടെ പറയാൻ അൽപം താമസമെടുത്തു .

ചേർത്ത് പിടിച്ച് ഞാൻ ഒന്നു തലോടി ആതലോടൽ മുറിവേറ്റ മനസിലാണ് ചെന്ന് വീണത്.എന്നെ നോക്കിയനോട്ടം ഒരിക്കലും മറക്കാനാവില്ല.അദ്ദേഹത്തിന്റെ ഏറ്റവും പ്രിയപ്പെട്ടൊരാളായി മാറുകയായിരുന്നു ഞാനപ്പോൾ. ജാതി കോമരങ്ങളോട് പണ്ട് ഞാൻ ചോദിച്ച ചോദ്യം? മനുഷ്യസ്നേഹത്തിനു മുന്നിൽ എന്ത് ജാതിയെടൊ എന്ത് മതം ഒന്ന് സ്നേഹിച്ച് നോക്ക്.വേദനിക്കുന്ന മനുഷ്യന്റെ കണ്ണീരൊപ്പ്.അതിന്റെ സുഖം...

കുന്നക്കരേലെ തൗഫീഖ് വീടാ മ്മളെ എല്ലാ സന്തോഷോം.വീടും മുറ്റോം ഒഴിച്ചുള്ള മറ്റ് ഭാഗങ്ങളൊക്കെയും മരങ്ങളും ചെടികളും പൂക്കളും കൊണ്ട് നിറഞ്ഞതായിരുന്നു.

'ഇങ്ങളൊന്ന് നിർത്ത്ന്ന് ണ്ടൊ.അത് പറഞ്ഞ് തൊടങ്ങ്യാല് ഇങ്ങക്ക് വെഷമാകും നിർത്തികള.'

തട്ടത്തിന്റെ അറ്റം കൊണ്ട് ഉമ്മ വായപ്പൊത്തി.ഉമ്മയുടെ വാക്കുകൾ കാര്യമായ സൂചന തന്നു..ചേർത്ത് പിടിച്ച മണ്ണ് നഷ്ടപ്പെട്ടതായിരിക്കുമൊ? ഞാൻ ചിന്തിച്ചു.

ഇഞ്ഞി മിണ്ടല്ല ഒന്ന് മിണ്ടാണ്ട് ന്ക്ക്

ഒക്കെയും പറയാൻ ഒരു മോനെ കിട്ട്യതാ രണ്ട് കൊല്ലായി മനസിലിട്ട് പൊറ്പ്പിക്ക്ന്ന്.

എന്നാ ഇങ്ങള് പറഞ്ഞൊ ഇങ്ങളെ സങ്കടം തീരട്ടെ ഇങ്ങളെല്ലെ എനക്ക് വല്ത്.വാർധക്യത്തിലും സ്നേഹത്തിന്റെ മാറ്റ് ഒട്ടും കുറയാത്ത ഒരു നല്ല പങ്കാളി..അയ്യോ ഞാനപ്പോൾ എന്തായാലും ഒരു ഭാര്യവേണമെന്ന് വല്ലാതെ കൊതിച്ചു പോയി സത്യത്തിൽ അവർക്കിടയിലേത് വല്ലാത്തൊരു സുന്ദര കാഴ്ചയായായിരുന്നു.

വ്യക്തമായ മറുപടി എനിയ്ക്ക് തരാത്തതിൽ അദ്ദേഹത്തിന് വലിയ വിഷമമുണ്ട്.

എന്റെ തറവാട്ടില്

'മുഹ് യുദ്ദീൻ ഷെയ്ഹ്ന്റെ'

ആണ്ട് നേർച്ചക്ക് പോയതാ ഞങ്ങള്  രണ്ടാളും.അഞ്ച് ദിവസം കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ കണ്ട കാഴ്ച ബാക്കി പറയും മുമ്പ് അന്ധേഹം പൊട്ടിക്കരഞ്ഞു.ഞാൻ ചേർത്ത് പിടിച്ചു.

ഉമ്മയുടെ വാക്കുകൾ അന്വർഥമാകുന്നു.തോളിൽ കിടക്കുന്ന മഫ്ളോറെടുത്ത് ഞാൻ കണ്ണ് തുടച്ച് കൊടുത്തു.എന്റെ കൈയിൽ പിടിച്ചു.

'വാർധക്യം കരുതൽ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതാണെന്ന ചിത്രം തെളിഞ്ഞു വരികയായിരുന്നു മുന്നിൽ.അത്രയും എന്നെ ഇരുത്തിചിന്തിപ്പിച്ചു ആ കൈ പിടുത്തം.എനിയ്ക്ക് മുന്നിൽ അപ്പോൾ ഇവരുടെ മാത്രം ലോകമാണ്.

തിരിച്ച് വീട്ടിലെത്തിയപ്പോൾ

മുളപൊട്ടിയതടക്കം ഒരു മരംപോലുമില്ലാതെ എല്ലാം വെട്ടിമുറിച്ച് തരിശ് ഭൂമിയാക്കിയ കാഴ്ച്ചയാ കണ്ടത്.നെയന്ത്രണംവിട്ട് നെലവിളിച്ച്പോയി ഞങ്ങള്.

പറമ്പിന്റെ മുക്കാൽ ഭാഗവും വീട് വന്നാലും ഒരിടത്ത് ഒരു വൃക്ഷത്തെ യെങ്കിലും വെച്ചൂടാര്യ്ന്നൊ?വീണ്ടും  കൈമലർത്തി.അദ്ദേഹത്തിന്റെ വാക്കുകൾ വല്ലാത്ത 'വേദനയുണ്ടാക്കി വാർധക്യത്തിന്റെ കണ്ണീർ ഇത്ര സങ്കടം ഉണ്ടാക്കുന്നതാണെന്ന് എനിയ്ക്കറിയില്ലായിരുന്നു'.

ഞാൻ എല്ലാം കേട്ട് നിന്നതേയുള്ളൂ.

ലളിത വചനങ്ങളിലൂടെ സത്യത്തിൽ അത്യപൂർവ്വമായ ഒരു കഥ കേൾക്കുകയായിരുന്നു ഞാൻ. വേരറ്റുപോയ വൃക്ഷങ്ങളിൽ ഇവരുടെ ചോരയും വിയർപ്പുമുണ്ട്.

മക്കളേ ആനാട്ട് മാവിന്റെ ചില്ലേലിര്ന്ന് പതിവായി എന്നെ കാണാനായി ഒച്ചവെക്ക്ന്ന പക്ഷിക്കൂട്ടങ്ങളുടെ  നെലവിളി ഇന്നും എന്റെ

ചെവീലലക്ക്ന്ന്..

നഗരങ്ങളുടെ മായിക ലോകത്ത് ജീവിക്കുന്ന മനുഷ്യന് ഇതൊന്നും കാണാൻ കഴിയില്ല.സംസാരിച്ച് മനസ് പതറിയപ്പോൾ യാത്ര പോലും പറയാതെ അദ്ദേഹം നടന്നു. അപ്പഴേക്കും വേറൊരാളായി മാറി കഴിഞ്ഞിരുന്നു.ഈ സൂര്യയെ പോലും മറന്നു.പിറകേ ഞാനും ഉമ്മയും.ഒരു നൂറ് മീറ്റർ അപ്പുറത്ത് വർക്ക് ഷാപ്പിന്റെ മുന്നിൽ പന്തലിച്ച്

കിടക്കുന്ന മരചുവട്ടിൽ പോയി നിന്നു.ആ മനുഷ്യനനുഭവിക്കുന്ന വേദനയിൽ ഞാൻ വെന്തുരുകയാണ്.എന്ത് തന്നെ വന്നാലും ഈ പാവം മനുഷ്യന് ഒരു പുതു ജീവിതം കൊടുക്കലാണ് എന്റെ ലക്ഷ്യം.ചേർത്ത് പിടിച്ച് നെറുകയിലൊരു മുത്തം കൊടുത്തു ഞാൻ.തൊട്ടടുത്തകരിമ്പ് ജ്യൂസ് കടയിൽ നിന്ന് ഒരു ബെഞ്ചെടുത്ത് മരത്തണലിൽ ഇരുത്തി.വിളിച്ചിട്ട് വന്നത് പോലെ വീശിയൊരു കാറ്റും അടിച്ചു..

ശങ്കൂ.. പതിനഞ്ച് കൊല്ലായി ഉള്ള് പൊള്ളയായ ഒരു മഹാഗണി മുറിച്ച്മാറ്റാണ്ട് പോറ്റി കൊണ്ട് നടക്ക്ന്ന്

'പൂവിരീന്നത് മൊളപൊട്ട്ന്നത് ഒക്കെ കാണാൻ ചങ്കിന്റെകൊതിയാ മോനേ'.

നിക്ക് പ്രാന്താന്ന് തോന്ന്ന്ന് ണ്ടൊ?

ലക്ഷ്യങ്ങൾ നേടാൻ നമ്മൾ പല പ്രതിസന്ധികളും കടന്നു ചാടണം എന്നാലും തളരരുത് അതാണ് മിടുക്ക്.ഈഭൂമിയിൽ നമുക്ക് സ്വന്തമായി ഒന്നുമില്ലഎന്ന് വിശ്വസിക്കണം ആദ്യം.വിധി ഏൽപ്പിക്കുന്ന പരിക്കുകളിൽ തെല്ലും പതറാതെ മുന്നേറണം എന്നാൽ നമുക്ക് നിരാശകളില്ല.അവരുടെ വിങ്ങുന്ന മനസിനെ തണുപ്പിക്കാൻ ഞാൻ നിർത്താതെ പറഞ്ഞു.വാഹനങ്ങളുടെ ശബ്ദകോലാഹലങ്ങൾക്കിടയിൽ ചെവിപൊത്തി പിടിച്ചു കൊണ്ട്സ സൂക്ഷ്മം ചോദിച്ചു

ശങ്കൂ മോനെന്താ അങ്ങനെ പറഞ്ഞത് ?

എന്തിനാ അതൊക്കെയോർത്ത് വെഷമിക്കുന്നത് ?

കഴിഞ്ഞതൊക്കെ മറന്ന് വരാനുള്ളതോർത്ത് ജീവിക്കണം.എന്നെ ഒരു പാടങ്ങ് ഇഷ്ടപ്പെട്ടു.അത് കൊണ്ട് തന്നെയാണ് ഉപ്പയുടെ ചോദ്യങ്ങൾ ഉയരുന്നത് അതൊക്കെ എനിയ്ക്കുണ്ടാക്കുന്ന സന്തോഷത്തിനതിരില്ലായിരുന്നു.ആ മനുഷ്യൻ ഒരാളല്ല പലരാണ്.

കാര്യമെന്തായാലും സായാഹ്നത്തിലെത്തി നിൽക്കുന്ന

ഇവരോട് പ്രതിസന്ധി,തളരരുത് എന്നൊക്കെ പറയാനേ പാടില്ല. അതൊക്കെ അവരെ ആശ്വസിപ്പിക്കൽ മാത്രം.

പിന്നെ ഞാനെന്ത് പറയും?

നഷ്ടപ്പെട്ടതൊക്കെ മറക്ക് ഒരു പുതിയ ജീവിതത്തിന് തുടക്കം കുറിക്കണം ഞാൻ പറഞ്ഞു.

ഒരു വിധിയ്ക്കും ഇവരെ ഞാൻ വിട്ട് കൊടുക്കില്ല കൊണ്ടു പോകും എന്റെ വീട്ടിലേക്ക് അതൊരു കെട്ടുറപ്പുള്ള പ്രതിജ്ഞയായിരുന്നു.

മലയുടെ ചരുവിൽ മൂന്ന് സെന്റ് പൊട്ടതാരയിൽ ഞങ്ങക്കൊരു കുടിലുണ്ടാക്കി തന്നു ബാക്കി പറഞ്ഞില്ല.പറയാനദ്ദേഹം ഇഷ്ടപ്പെടുന്നില്ല പിന്നെ പൊറുതിമുട്ടിയപ്പോൾ പറഞ്ഞുവെന്ന് മാത്രം.കരുതലില്ലാതെ ദുരിത പൂർണമാണിവരുടെ ജീവിതമെന്ന് ഞാൻ മനസ്സിലാക്കി. അതറിയലായിരുന്നു എന്റെ ലക്ഷ്യവും ഇനി ശങ്കൂന്റെ ചോദ്യത്തിനുള്ള മറുപടി പറയട്ടെ.ഞാനൊന്ന് കുലുങ്ങി എത്രയോ സമയം മുമ്പത്തെ എന്റെ ചോദ്യത്തിനുള്ള മറുപടിയാണീ പറയാൻ പോകുന്നത്.കലമ്പിയമന സിനിടയിലും അതോർത്ത് വെച്ചത് നോക്കണം.

പ്രഭാതം കഴിഞ്ഞാൽ എരിപൊരിസഞ്ചാരം കൊണ്ട് ചോലതേടി നടക്കലാ ആ തരിശ് മണ്ണിൽ ഞങ്ങള് പെടയലാ ആളില്ലാത്തെട്ത്ത് മരങ്ങളെ ചോട്ടിലിരിക്കും വലിയ സമാധാനം കിട്ടും ഈ യാത്ര കൊല്ലം രണ്ടായി മോനേ

കലഹിക്കാൻ കഴിയാതെ നിസ്സഹായരായി പോയ വരാണിവർ.എത്ര സാഹസപ്പെട്ടാണ് ഈ വഴിദൂരങ്ങൾ താണ്ടുന്നത് എന്തെങ്കിലും ക്ഷീണം വന്ന് തളർന്ന് പോയാൽ പെട്ടില്ലെ എന്നൊക്കെ ചോദിക്കണമെന്നുണ്ടെങ്കിലും അതൊരു നിരാശപ്പെടുത്തുന്ന ചോദ്യം എന്ന നിലയിൽ ചോദിച്ചില്ല. സംസാരിക്കുന്നതിനിടയിലും അവർക്കുള്ളിലെ വേദനകൾ മനസിലാക്കി അവരാഗ്രഹിച്ച ഒരിടത്ത് താമസമൊരുക്കാൻ എന്റെ മനസ് തയ്യാറെടുത്ത് കഴിഞ്ഞിരുന്നു. വിശേഷങ്ങൾ പങ്കുവെക്കുന്നതിനിടയിലും അതിന്റെ പണിപ്പുരയിലായിരുന്നു ഞാൻ.

ഈ കാഴ്ച അവഗണിച്ച് പോയാൽ.. ഭാവിയിൽ എത്ര ഞാൻ അവഗണിക്കപ്പെടും.അതാണ് ഞാൻ ആദ്യം ചിന്തിച്ചത് പിന്നെ അച്ഛനേയും അമ്മയേയും ഓർത്തു. ഇതിനിടയിൽ

ആൾതാമസമില്ലാത്ത ചിതൽ പുൽകികൊണ്ടിരിക്കുന്ന എന്റെ തറവാട് വീട് എന്നോട് സംസാരിക്കാൻ തുടങ്ങി. ആവശ്യത്തിൽ കൂടുതലുള്ളത് നിരാലംബർക്കെന്ന അച്ഛന്റെ മുദ്രാവാക്യം എന്നും എന്നെ നന്നാക്കിയിട്ടേഉള്ളൂ.

എന്റെ വാക്കുകളുടേയും ഉറപ്പിന്റേയും സർവ്വോപരി സ്നേഹത്തിന്റേയും ബലത്തിൽ പിന്നെ അവർക്കാ യാത്ര തുടരാനായില്ല.സംസാരിച്ച് വീഴ്ത്താൻ അത്രകൗശലക്കാരനായിരുന്നു ഞാൻ എന്റെ പൂർവ്വികർ നട്ടുവളർത്തിയ വൃക്ഷങ്ങളിൽ അവരുടെ മനസ് തണുത്ത് തുടങ്ങി.ആ തിരിഞ്ഞു നടത്തം അവർക്ക് സ്വർഗ്ഗീയ യാത്രയായിരുന്നു.വെള്ളിമേഘങ്ങൾ നിറഞ്ഞൊഴുകിയ അന്തരീക്ഷത്തിൽ ഞാൻ ആദ്യം കൊടുത്തത്.

മുസല്ല ദെസ്ബീഹ് മാല ഊദത്തറും പിന്നെ നിസ്കാരതഴമ്പിൽ മുത്തവും എനിയ്ക്ക് വയസ് ഇരുപത്തഞ്ച് എങ്ങനെ കൂട്ടി കിഴിച്ചാലും ഓട്ട പാച്ചിലിനിടയിൽ എല്ലാം മറന്ന് ചെയ്ത ഏറ്റവുംവലിയ നന്മ..

കവിത

# ഒറ്റമുലച്ചി



രേഖ തോപ്പിൽ

അഴകളവൊന്നുമങ്ങി
ഒഴിഞ്ഞൊരായിടത്തിൻ പൂർണ്ണതയ്ക്കായി
ഒറ്റതുണികഷണം തിരഞ്ഞു  മിഴികൾ
പാഞ്ഞ നേരം
മറ്റേ മുലയും നിനക്കിനി  സ്വന്തമാണോ
കല്ലു പോലെ
കാതിലലച്ചു ചോദ്യം
താഴേയ്ക്കിരുന്നു പോയി ഒറ്റമുലച്ചി
അറിയാതെ  കൈത്തലം മാറിടത്തിൽ തങ്ങിനിന്നു
ജീവിതം  കയ്പും  മധുരവും നിറഞ്ഞ  പാഠശാല
ഉടലരിയുമ്പോഴും
ഉള്ളം കരിയാതെ
ഉയിർ കാത്ത പെണ്ണവൾ
കാലിലൊരൊറ്റ ചിലമ്പ്
കണ്ണിൽ ജ്വലിക്കുന്നു
രക്തസൂര്യൻ
ഒറ്റമുലച്ചി ദേവിയത്രേ മുന്നിൽ ഉറയുന്നു
തോറ്റങ്ങൾ ആളുന്നു അഗ്നി  കുണ്ഠങ്ങൾ
പതറാതെ പെണ്ണവൾ  മുന്നോട്ട്
ജീവിയ്ക്കാനേറെ
ആശിയ്ക്കുന്നുണ്ടാ ജീവൻ
ചുംബിച്ചാദരിയ്ക്കപ്പെട്ട മുലകളിലൊന്നിനെ
അർബുദം  ഗാഢമായി  പുണർന്നു
അന്നുതൊട്ടാമുലകളെ
പെണ്ണവൾ ചുംബനത്തെ ക്കാളേറെ സ്നേഹിച്ചു
ശ്വാസം തന്നെയാണ്  ആ മുലകൾ
എന്നിട്ടുമവയിലൊന്നവളെ
ഒറ്റമുലച്ചിയെന്നു പരിഹസിച്ചു മാറിൽ  നിന്ന്
മരണത്തിലേയ്ക്കൂർന്നിറങ്ങി.

